## നന്ദിപ്രകാശന സമന്വയന സമ്മേളനത്തിനുള്ള രൂപരേഖ
## നവംബർ 23-26, 2023
## പൊതുവിഷയം:
## ക്രിസ്തുവിന്റെ ആസ്വാദനവും പക്വതയിങ്കലേക്കുള്ള നമ്മുടെ ജീവനിലുള്ള വളർച്ചയും

ദൂത് അഞ്ച്

## യോസേഫിന്റെ ജീവിതത്തിൽ കാണുന്ന പക്വതയുള്ള ജീവന്റെ വാഴുന്ന വശം

EM *Hymns*: ML470, ML33

തിരുവെഴുത്ത് വായന: ഉൽ. 41:39-44, 51-52; 45:5-8; 47:14-23; 50:15-21

Gen. 41:39 പിന്നെ ഫറവോൻ യോസേഫിനോടു: ദൈവം ഇതൊക്കെയും നിനക്കു വെളിപ്പെടുത്തി തന്നതുകൊണ്ടു നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല.

Gen. 41:40 നീ എന്റെ ഗൃഹത്തിന്നു മേലധികാരിയാകും; നിന്റെ വാക്കു എന്റെ ജനമെല്ലാം അനുസരിച്ചു നടക്കും; സിംഹാസനംകൊണ്ടു മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും എന്നു പറഞ്ഞു.

Gen. 41:41 ഇതാ, മിസ്രയീംദേശത്തിന്നൊക്കെയും ഞാൻ നിന്നെ മേലധികാരി ആക്കിയിരിക്കുന്നു, എന്നും ഫറവോൻ യോസേഫിനോടു പറഞ്ഞു.

Gen. 41:42 ഫറവോൻ തന്റെ കയ്യിൽനിന്നു മുദ്രമോതിരം ഊരി, യോസേഫിന്റെ കൈക്കു ഇട്ടു, അവനെ നേർമ്മയുള്ള വസ്ത്രം ധരിപ്പിച്ചു, ഒരു സ്വർണ്ണസരപ്പളിയും അവന്റെ കഴുത്തിൽ ഇട്ടു.

Gen. 41:43 തന്റെ രണ്ടാം രഥത്തിൽ അവനെ കയറ്റി: മുട്ടുകുത്തുവിൻ എന്നു അവന്റെ മുമ്പിൽ വിളിച്ചു പറയിച്ചു; ഇങ്ങനെ അവനെ മിസ്രയീംദേശത്തിന്നൊക്കെയും മേലധികാരിയാക്കി.

Gen. 41:44 പിന്നെ ഫറവോൻ യോസേഫിനോടു: ഞാൻ ഫറവോൻ ആകുന്നു; നിന്റെ കല്പനകൂടാതെ മിസ്രയീംദേശത്തു എങ്ങും യാതൊരുത്തനും കയ്യോ കാലോ അനക്കുകയില്ല എന്നു പറഞ്ഞു.

Gen. 41:51 എന്റെ സകലകഷ്ടതയും എന്റെ പിതൃഭവനം ഒക്കെയും ദൈവം എന്നെ മറക്കുമാറാക്കി എന്നു പറഞ്ഞു യോസേഫ് തന്റെ ആദ്യജാതന്നു മനശ്ശെ എന്നു പേരിട്ടു.

Gen. 41:52 സങ്കടദേശത്തു ദൈവം എന്നെ വർദ്ധിപ്പിച്ചു എന്നു പറഞ്ഞു, അവൻ രണ്ടാമത്തവന്നു എഫ്രയീം എന്നു പേരിട്ടു.

Gen. 45:5 എന്നെ ഇവിടെ വിറ്റതുകൊണ്ടു നിങ്ങൾ വ്യസനിക്കേണ്ടാ, വിഷാദിക്കയും വേണ്ടാ; ജീവരക്ഷക്കായി ദൈവം എന്നെ നിങ്ങൾക്കു മുമ്പെ അയച്ചതാകുന്നു.

Gen. 45:6 ദേശത്തു ക്ഷാമം ഉണ്ടായിട്ടു ഇപ്പോൾ രണ്ടു സംവത്സരമായി; ഉഴവും കൊയ്ത്തും ഇല്ലാത്ത അഞ്ചു സംവത്സരം ഇനിയും ഉണ്ടു.

Gen. 45:7 ഭൂമിയിൽ നിങ്ങൾക്കു സന്തതി ശേഷിക്കേണ്ടതിന്നും വലിയോരു രക്ഷയാൽ നിങ്ങളുടെ ജീവനെ രക്ഷിക്കേണ്ടതിന്നും ദൈവം എന്നെ നിങ്ങൾക്കു മുമ്പെ അയച്ചിരിക്കുന്നു.

Gen. 45:8 ആകയാൽ നിങ്ങൾ അല്ല, ദൈവം അത്രേ എന്നെ ഇവിടെ അയച്ചതു; അവൻ എന്നെ ഫറവോന്നു പിതാവും അവന്റെ ഗൃഹത്തിന്നു ഒക്കെയും യജമാനനും മിസ്രയീംദേശത്തിന്നൊക്കെയും അധിപതിയും ആക്കിയിരിക്കുന്നു.

Gen. 47:14 ജനങ്ങൾ വാങ്ങിയ ധാന്യത്തിന്നു വിലയായി യോസേഫ് മിസ്രയീംദേശത്തും കനാൻദേശത്തുമുള്ള പണം ഒക്കെയും ശേഖരിച്ചു; പണം യോസേഫ് ഫറവോന്റെ ഗൃഹത്തിൽ കൊണ്ടുവന്നു.

Gen. 47:15 മിസ്രയീംദേശത്തും കനാൻദേശത്തും പണം ഇല്ലാതെയായപ്പോൾ മിസ്രയീമ്യർ ഒക്കെയും യോസേഫിന്റെ അടുക്കൽ ചെന്നു: ഞങ്ങൾക്കു ആഹാരം തരേണം; ഞങ്ങൾ നിന്റെ മുമ്പിൽ കിടന്നു മരിക്കുന്നതു എന്തിന്നു? പണം തീർന്നുപോയി എന്നു പറഞ്ഞു.

Gen. 47:16 അതിന്നു യോസേഫ്: നിങ്ങളുടെ ആടുമാടുകളെ തരുവിൻ; പണം തീർന്നുപോയെങ്കിൽ നിങ്ങളുടെ ആടുമാടുകളെ വിലയായി വാങ്ങി ഞാൻ തരാം എന്നു പറഞ്ഞു.

Gen. 47:17 അങ്ങനെ അവർ തങ്ങളുടെ കന്നുകാലികളെ യോസേഫിന്റെ അടുക്കൽ കൊണ്ടുവന്നു; കുതിര, ആടു, കന്നുകാലി, കഴുത എന്നിവയെ യോസേഫ് വിലയായി വാങ്ങി അവർക്കു ആഹാരം കൊടുത്തു; ആയാണ്ടിൽ അവരുടെ കന്നുകാലികളെ എല്ലാം വാങ്ങി ആഹാരം കൊടുത്തു അവരെ രക്ഷിച്ചു.

Gen. 47:18 ആ ആണ്ടു കഴിഞ്ഞു പിറ്റെ ആണ്ടിൽ അവർ അവന്റെ അടുക്കൽ ചെന്നു അവനോടു പറഞ്ഞതു: ഞങ്ങളുടെ പണം ചെലവായി, മൃഗക്കൂട്ടങ്ങളും യജമാനനു ചേർന്നു; ഞങ്ങളുടെ ശരീരങ്ങളും നിലങ്ങളുമല്ലാതെ യജമാനന്റെ മുമ്പാകെ ഒന്നും ശേഷിപ്പില്ല എന്നുള്ളതു യജമാനനെ ഞങ്ങൾ മറെക്കുന്നില്ല.

Gen. 47:19 ഞങ്ങളും ഞങ്ങളുടെ നിലവും നിന്റെ കണ്ണിന്നു മുമ്പിൽ എന്തിന്നു നശിക്കുന്നു? നീ ഞങ്ങളെയും നിലത്തെയും ആഹാരത്തിന്നു വിലയായി വാങ്ങേണം. ഞങ്ങൾ നിലവുമായി ഫറവോന്നു അടിമകൾ ആകട്ടെ. ഞങ്ങൾ മരിക്കാതെ ജീവനോടിരിക്കേണ്ടതിന്നും നിലം ശൂന്യമായി പോകാതിരിക്കേണ്ടതിന്നും ഞങ്ങൾക്കു വിത്തു തരേണം.

Gen. 47:20 അങ്ങനെ യോസേഫ് മിസ്രയീമിലെ നിലം ഒക്കെയും ഫറവോന്നു വിലെക്കു വാങ്ങി; ക്ഷാമം പ്രബലപ്പെടുകകൊണ്ടു മിസ്രയീമ്യർ തങ്ങളുടെ നിലം വിറ്റു; നിലമെല്ലാം ഫറവോന്നു ആയി.

Gen. 47:21 ജനങ്ങളേയോ അവൻ മിസ്രയീംദേശത്തിന്റെ അറ്റംമുതൽ അറ്റംവരെ പട്ടണങ്ങളിലേക്കു കുടിനീക്കി പാർപ്പിച്ചു.

Gen. 47:22 പുരോഹിതന്മാരുടെ നിലം മാത്രം അവൻ വാങ്ങിയില്ല; പുരോഹിതന്മാർക്കു ഫറവോൻ അവകാശം കല്പിച്ചിരുന്നു; ഫറവോൻ അവർക്കു കൊടുത്ത അവകാശംകൊണ്ടു അവർ ഉപജീവനം കഴിച്ചതിനാൽ അവർ തങ്ങളുടെ നിലം വിറ്റില്ല.

Gen. 47:23 യോസേഫ് ജനങ്ങളോടു: ഞാൻ ഇന്നു നിങ്ങളെയും നിങ്ങളുടെ നിലത്തെയും ഫറവോന്നു വിലെക്കു വാങ്ങിയിരിക്കുന്നു; നിങ്ങൾക്കു വിത്തു ഇതാ; നിലം വിതെച്ചുകൊൾവിൻ.

Gen. 50:15 അപ്പൻ മരിച്ചുപോയി എന്നു യോസേഫിന്റെ സഹോദരന്മാർ കണ്ടിട്ടു: പക്ഷേ യോസേഫ് നമ്മെ ദ്വേഷിച്ചു, നാം അവനോടു ചെയ്ത സകലദോഷത്തിന്നും നമ്മോടു പ്രതികാരം ചെയ്യുമെന്നു പറഞ്ഞു.

Gen. 50:16 അവർ യോസേഫിന്റെ അടുക്കൽ ആളയച്ചു: അപ്പൻ മരിക്കുംമുമ്പെ: നിന്റെ സഹോദരന്മാർ നിന്നോടു ദോഷം ചെയ്തു; അവർ ചെയ്ത അതിക്രമവും പാപവും നീ ക്ഷമിക്കേണം എന്നു യോസേഫിനോടു പറവിൻ എന്നു കല്പിച്ചിരിക്കുന്നു.

Gen. 50:17 ആകയാൽ അപ്പന്റെ ദൈവത്തിന്റെ ദാസന്മാരുടെ ദ്രോഹം ക്ഷമിക്കേണമേ എന്നു പറയിച്ചു. അവർ യോസേഫിനോടു സംസാരിക്കുമ്പോൾ അവൻ കരഞ്ഞു.

Gen. 50:18 അവന്റെ സഹോദരന്മാർ ചെന്നു അവന്റെ മുമ്പാകെ വീണു: ഇതാ, ഞങ്ങൾ നിനക്കു അടിമകൾ എന്നു പറഞ്ഞു.

Gen. 50:19 യോസേഫ് അവരോടു: നിങ്ങൾ ഭയപ്പെടേണ്ടാ; ഞാൻ ദൈവത്തിന്റെ സ്ഥാനത്തു ഇരിക്കുന്നുവോ?

Gen. 50:20 നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ, ഇന്നുള്ളതുപോലെ ബഹുജനത്തിന്നു ജീവരക്ഷ വരുത്തേണ്ടതിന്നു അതിനെ ഗുണമാക്കിത്തീർത്തു.

Gen. 50:21 ആകയാൽ നിങ്ങൾ ഭയപ്പെടേണ്ടാ; ഞാൻ നിങ്ങളെയും നിങ്ങളുടെ കുഞ്ഞുകുട്ടികളെയും പോറ്റി രക്ഷിക്കും എന്നു പറഞ്ഞു അവരെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തി.

**I. ആത്മിക അനുഭവമനുസരിച്ച്, യാക്കോബും യോസേഫും ഒരു വ്യക്തിയാണ്; യോസേഫ് പ്രതിനിധീകരിക്കുന്നത് യാക്കോബിന്റെ പക്വതയുള്ള സ്വഭാവത്തിലെ ക്രിസ്തുവിന്റെ സംരചനയുള്ള, പക്വതയുള്ള യിസ്രായേലിന്റെ വാഴുന്ന വശത്തെയാണ്; തികഞ്ഞവനായ, ക്രിസ്തുവിനാൽ സംരചിക്കപ്പെട്ട പക്വതയുള്ള വിശുദ്ധനെന്ന നിലയിൽ യാക്കോബ് യോസേഫിലൂടെ വാണു—ഉൽ. 41:39-44; എബ്രാ. 6:1; ഗലാ. 6:8; 5:22-23:**

Gen. 41:39 പിന്നെ ഫറവോൻ യോസേഫിനോടു: ദൈവം ഇതൊക്കെയും നിനക്കു വെളിപ്പെടുത്തി തന്നതുകൊണ്ടു നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല.

Gen. 41:40 നീ എന്റെ ഗൃഹത്തിന്നു മേലധികാരിയാകും; നിന്റെ വാക്കു എന്റെ ജനമെല്ലാം അനുസരിച്ചു നടക്കും; സിംഹാസനംകൊണ്ടു മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും എന്നു പറഞ്ഞു.

Gen. 41:41 ഇതാ, മിസ്രയീംദേശത്തിന്നൊക്കെയും ഞാൻ നിന്നെ മേലധികാരി ആക്കിയിരിക്കുന്നു, എന്നും ഫറവോൻ യോസേഫിനോടു പറഞ്ഞു.

Gen. 41:42 ഫറവോൻ തന്റെ കയ്യിൽനിന്നു മുദ്രമോതിരം ഊരി, യോസേഫിന്റെ കൈക്കു ഇട്ടു, അവനെ നേർമ്മയുള്ള വസ്ത്രം ധരിപ്പിച്ചു, ഒരു സ്വർണ്ണസരപ്പളിയും അവന്റെ കഴുത്തിൽ ഇട്ടു.

Gen. 41:43 തന്റെ രണ്ടാം രഥത്തിൽ അവനെ കയറ്റി: മുട്ടുകുത്തുവിൻ എന്നു അവന്റെ മുമ്പിൽ വിളിച്ചു പറയിച്ചു; ഇങ്ങനെ അവനെ മിസ്രയീംദേശത്തിന്നൊക്കെയും മേലധികാരിയാക്കി.

Gen. 41:44 പിന്നെ ഫറവോൻ യോസേഫിനോടു: ഞാൻ ഫറവോൻ ആകുന്നു; നിന്റെ കല്പനകൂടാതെ മിസ്രയീംദേശത്തു എങ്ങും യാതൊരുത്തനും കയ്യോ കാലോ അനക്കുകയില്ല എന്നു പറഞ്ഞു.

Heb. 6:1 അതുകൊണ്ട് ക്രിസ്തുവിന്റെ, ആരംഭവചനം വിട്ടുകളഞ്ഞിട്ട്, നിർജീവപ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരത്തിന്റെയും ദൈവത്തിലുള്ള വിശ്വാസത്തിന്റെയും,

Gal. 6:8 തന്റെ സ്വന്തം, ജഡത്തിങ്കലേക്ക് വിതയ്ക്കുന്നവൻ ജഡത്തിൽനിന്ന് ദ്രവത്വം കൊയ്യും, എന്നാൽ, ആത്മാവിങ്കലേക്ക് വിതയ്ക്കുന്നവൻ ആത്മാവിൽനിന്ന് നിത്യജീവൻ കൊയ്യും.

Gal. 5:22 എന്നാൽ ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, നന്മ, വിശ്വസ്തത,

Gal. 5:23 സൗമ്യത, ഇന്ദ്രിയജയം; ഇങ്ങനെയുള്ളവയ്ക്ക് എതിരായി ഒരു ന്യായപ്രമാണവുമില്ല.

A. നമ്മുടെ ആളത്തത്തിലേക്ക് സംരചിക്കപ്പെട്ട ക്രിസ്തുവാണ് യോസേഫ് മുൻകുറിക്കുന്ന വാഴുന്ന വശം—4:19.

Gal. 4:19 ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ,

B. "സ്വപ്നക്കാരൻ" ആയ യോസേഫ് (ഉല്പ. 37:19), ദൈവത്തിന്റെ വീക്ഷണമനുസരിച്ച്, ദൈവജനം ജീവൻ നിറഞ്ഞ ഗോതമ്പിന്റെ കറ്റകളും പ്രകാശം നിറഞ്ഞ ആകാശഗോളങ്ങളുമാണെന്ന് സ്വപ്നം കണ്ടു (വാ. 5-11); ദൈവത്തിൽ നിന്നുള്ള യോസേഫിന്റെ രണ്ട് സ്വപ്നങ്ങളും (വാ. 7, 9), ഭൂമിയിലെ ദൈവജനത്തിന്റെ സ്വഭാവം, സ്ഥാനം, പ്രവർത്തനം, ലക്ഷ്യം എന്നിവയെക്കുറിച്ചുള്ള ദൈവത്തിന്റെ ദിവ്യ വീക്ഷണം അവനു വെളിപ്പെടുത്തി:

Gen. 37:19 അതാ, സ്വപ്നക്കാരൻ വരുന്നു; വരുവിൻ, നാം അവനെ കൊന്നു ഒരു കുഴിയിൽ ഇട്ടുകളക;

Gen. 37:5 യോസേഫ് ഒരു സ്വപ്നം കണ്ടു; അതു തന്റെ സഹോദരന്മാരോടു അറിയിച്ചതുകൊണ്ടു അവർ അവനെ പിന്നെയും അധികം പകെച്ചു.

Gen. 37:6 അവൻ അവരോടു പറഞ്ഞതു: ഞാൻ കണ്ട സ്വപ്നം കേട്ടുകൊൾവിൻ.

Gen. 37:7 നാം വയലിൽ കറ്റകെട്ടിക്കൊണ്ടിരുന്നു; അപ്പോൾ എന്റെ കറ്റ എഴുന്നേറ്റു നിവിർന്നുനിന്നു; നിങ്ങളുടെ കറ്റകൾ ചുറ്റുംനിന്നു എന്റെ കറ്റയെ നമസ്കരിച്ചു.

Gen. 37:8 അവന്റെ സഹോദരന്മാർ അവനോടു: നീ ഞങ്ങളുടെ രാജാവാകുമോ? നീ ഞങ്ങളെ വാഴുമോ എന്നു പറഞ്ഞു, അവന്റെ സ്വപ്നങ്ങൾ നിമത്തവും അവന്റെ വാക്കുനിമിത്തവും അവനെ പിന്നെയും അധികം ദ്വേഷിച്ചു.

Gen. 37:9 അവൻ മറ്റൊരു സ്വപ്നം കണ്ടു തന്റെ സഹോദരന്മാരോടു അറിയിച്ചു: ഞാൻ പിന്നെയും ഒരു സ്വപ്നം കണ്ടു; സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും എന്നെ നമസ്കരിച്ചു എന്നു പറഞ്ഞു.

Gen. 37:10 അവൻ അതു അപ്പനോടും സഹോദരന്മാരോടും അറിയിച്ചപ്പോൾ അപ്പൻ അവനെ ശാസിച്ചു അവനോടു: നീ ഈ കണ്ട സ്വപ്നം എന്തു? ഞാനും നിന്റെ അമ്മയും നിന്റെ സഹോദരന്മാരും സാഷ്ടാംഗം വീണു നിന്നെ നമസ്കരിപ്പാൻ വരുമോ എന്നു പറഞ്ഞു.

Gen. 37:11 അവന്റെ സഹോദരന്മാർക്കു അവനോടു അസൂയ തോന്നി; അപ്പനോ ഈ വാക്കു മനസ്സിൽ സംഗ്രഹിച്ചു.

1. കാലത്തിലൂടെ കാണാനും ജീവൻ നിറഞ്ഞ കറ്റകളും പ്രകാശം നിറഞ്ഞ നക്ഷത്രങ്ങളും അല്ലാതെ മറ്റൊന്നുമില്ലാത്ത പുതിയ യെരൂശലേമിനെ നോക്കുവാനും നാം "ദിവ്യ ദൂരദർശിനി" ഉപയോഗിക്കണം; അതിനാൽ, പക്വതയുള്ള ജീവന്റെ വാഴുന്ന വശം ഒരിക്കലും വിശുദ്ധന്മാരെക്കുറിച്ചോ സഭയെക്കുറിച്ചോ പ്രതിലോമമായി സംസാരിക്കുന്നില്ല—പ്ര.നി. 38:27-30; മത്താ. 7:1-5; 1 പത്രൊ. 3:8-9.

   Gen. 38:27 അവൾക്കു പ്രസവകാലം ആയപ്പോൾ അവളുടെ ഗർഭത്തിൽ ഇരട്ടപ്പിള്ളകൾ ഉണ്ടായിരുന്നു.

   Gen. 38:28 അവൾ പ്രസവിക്കുമ്പോൾ ഒരു പിള്ള കൈ പുറത്തു നീട്ടി; അപ്പോൾ സൂതികർമ്മിണി ഒരു ചുവന്ന നൂൽ എടുത്തു അവന്റെ കൈക്കു കെട്ടി; ഇവൻ ആദ്യം പുറത്തുവന്നു എന്നു പറഞ്ഞു.

   Gen. 38:29 അവനോ കൈ പിന്നെയും അകത്തേക്കു വലിച്ചു. അപ്പോൾ അവന്റെ സഹോദരൻ പുറത്തുവന്നു: നീ ഛിദ്രം ഉണ്ടാക്കിയതു എന്തു എന്നു അവൾ പറഞ്ഞു. അതുകൊണ്ടു അവന്നു പെരെസ്സ് എന്നു പേരിട്ടു.

   Gen. 38:30 അതിന്റെ ശേഷം കൈമേൽ ചുവന്ന നൂലുള്ള അവന്റെ സഹോദരൻ പുറത്തുവന്നു; അവന്നു സേരഹ് എന്നു പേരിട്ടു.

   Matt. 7:1 നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്.

   Matt. 7:2 നിങ്ങൾ വിധിക്കുന്ന വിധിയാൽ, നിങ്ങൾ വിധിക്കപ്പെടുകയും, നിങ്ങൾ അളക്കുന്ന അളവിനാൽ, നിങ്ങൾക്ക് അളക്കപ്പെടുകയും ചെയ്യും.

   Matt. 7:3 നീ സഹോദരന്റെ കണ്ണിലെ കരട് നോക്കുകയും, എന്നാൽ നിന്റെ കണ്ണിലെ കോൽ കരുതാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?

   Matt. 7:4 അല്ലെങ്കിൽ ഇതാ, നിന്റെ കണ്ണിൽ കോൽ ഇരിക്കുമ്പോൾ, നിന്റെ സഹോദരനോട്, നിന്റെ കണ്ണിൽനിന്നു ഞാൻ കരട് എടുത്തുകളയട്ടെ എന്ന് എങ്ങനെ പറയും?

   Matt. 7:5 കപടഭക്തിക്കാരാ, ആദ്യം നിന്റെ കണ്ണിൽനിന്നു കോൽ എടുത്തു കളയുക, അപ്പോൾ നിന്റെ സഹോദരന്റെ കണ്ണിൽനിന്നു കരട് എടുത്തു കളയുവാൻ നീ വ്യക്തമായി കാണും.

   1 Pet. 3:8 ഒടുവിൽ എല്ലാവരും ഒരേ മനസ്സുള്ളവരും, സഹതാപമുള്ളവരും, സഹോദരസ്നേഹമുള്ളവരും, വാത്സല്യമുള്ളവരും, വിനയബുദ്ധിയുള്ളവരും ആയിരിക്കുവിൻ;

   1 Pet. 3:9 തിന്മയ്ക്കു പകരം തിന്മയോ ദൂഷണത്തിനു പകരം ദൂഷണമോ മടക്കിക്കൊടുക്കാതെ, അതിനു വിരുദ്ധമായി, അന്യോന്യം അനുഗ്രഹിക്കുകയത്രേ വേണ്ടത്, എന്തുകൊണ്ടെന്നാൽ ഇതിനാകുന്നു നിങ്ങളെ വിളിച്ചത്, നിങ്ങൾ അനുഗ്രഹം അവകാശമാക്കേണ്ടതിനു തന്നെ.

2. യോസേഫിന്റെ സ്വപ്നങ്ങൾ അവന്റെ ജീവിതത്തെ നിയന്ത്രിക്കുകയും അവന്റെ പെരുമാറ്റത്തെ നയിക്കുകയും ചെയ്തു; തന്റെ സ്വപ്നത്തിൽ കണ്ട ദർശനത്താൽ നയിക്കപ്പെട്ടതിനാൽ അവൻ വളരെ ശ്രേഷ്ഠമായും അത്ഭുതകരമായും പെരുമാറി (പ്ര.നി. പ്രവൃ. 26:19); അവന്റെ സഹോദരന്മാർ

അവരുടെ കോപം പ്രകടമാക്കുകയും (ഉൽ. 37:18-31) തങ്ങളുടെ ആസക്തിയിൽ മുഴുകുകയും ചെയ്തു (38:15-18), എന്നാൽ യോസേഫ് ജീവനാൽ നിറയപ്പെട്ട കറ്റയും, ഇരുളിൽ പ്രകാശിക്കുന്ന ഒരു സ്വർഗീയ നക്ഷത്രവും എന്നപോലെ പെരുമാറികൊണ്ട് കോപത്തെ കീഴ്പ്പെടുത്തി ആസക്തിയെ കീഴടക്കി (39:7-23).

Acts. 26:19 അതുകൊണ്ട് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗീയ ദർശനത്തോട് അനുസരണക്കേടുള്ളവൻ ആയിരുന്നില്ല.

Gen. 37:18 അവർ അവനെ ദൂരത്തുനിന്നു കണ്ടിട്ടു അവനെ കൊല്ലേണ്ടതിന്നു അവൻ അടുത്തുവരുംമുമ്പെ അവന്നു വിരോധമായി ദുരാലോചന ചെയ്തു:

Gen. 37:19 അതാ, സ്വപ്നക്കാരൻ വരുന്നു; വരുവിൻ, നാം അവനെ കൊന്നു ഒരു കുഴിയിൽ ഇട്ടുകളക;

Gen. 37:20 ഒരു ദുഷ്ടമൃഗം അവനെ തിന്നുകളഞ്ഞു എന്നു പറയാം; അവന്റെ സ്വപ്നങ്ങൾ എന്താകുമെന്നു നമുക്കു കാണാമല്ലോ എന്നു തമ്മിൽ തമ്മിൽ പറഞ്ഞു.

Gen. 37:21 രൂബേൻ അതു കേട്ടിട്ടു: നാം അവന്നു ജീവഹാനി വരുത്തരുതു എന്നു പറഞ്ഞു അവനെ അവരുടെ കയ്യിൽനിന്നു വിടുവിച്ചു.

Gen. 37:22 അവരുടെ കയ്യിൽനിന്നു അവനെ വിടുവിച്ചു അപ്പന്റെ അടുക്കൽ കൊണ്ടു പോകേണമെന്നു കരുതിക്കൊണ്ടു രൂബേൻ അവരോടു: രക്തം ചൊരിയിക്കരുതു; നിങ്ങൾ അവന്റെമേൽ കൈ വെക്കാതെ മരുഭൂമിയിലുള്ള ആ കുഴിയിൽ അവനെ ഇടുവിൻ എന്നു പറഞ്ഞു.

Gen. 37:23 യോസേഫ് തന്റെ സഹോദരന്മാരുടെ അടുക്കൽ വന്നപ്പോൾ അവൻ ഉടുത്തിരുന്ന നിലയങ്കി അവർ ഊരി, അവനെ എടുത്തു ഒരു കുഴിയിൽ ഇട്ടു.

Gen. 37:24 അതു വെള്ളമില്ലാത്ത പൊട്ടക്കുഴി ആയിരുന്നു.

Gen. 37:25 അവർ ഭക്ഷണം കഴിപ്പാൻ ഇരുന്നപ്പോൾ തലപൊക്കി നോക്കി, ഗിലെയാദിൽനിന്നു സാംപ്രാണിയും സുഗന്ധപ്പശയും സന്നിനായകവും ഒട്ടകപ്പുറത്തു കയറ്റി മിസ്രയീമിലേക്കു കൊണ്ടുപോകുന്ന യിശ്മായേല്യരുടെ ഒരു യാത്രക്കൂട്ടം വരുന്നതു കണ്ടു.

Gen. 37:26 അപ്പോൾ യെഹൂദാ തന്റെ സഹോദരന്മാരോടു: നാം നമ്മുടെ സഹോദരനെ കൊന്നു അവന്റെ രക്തം മറെച്ചിട്ടു എന്തു ഉപകാരം?

Gen. 37:27 വരുവിൻ, നാം അവനെ യിശ്മായേല്യർക്കു വില്ക്കുക; നാം അവന്റെമേൽ കൈവെക്കരുതു; അവൻ നമ്മുടെ സഹോദരനും നമ്മുടെ മാംസവുമല്ലോ എന്നു പറഞ്ഞു; അവന്റെ സാഹോദരന്മാർ അതിന്നു സമ്മതിച്ചു.

Gen. 37:28 മിദ്യാന്യകച്ചവടക്കാർ കടന്നുപോകുമ്പോൾ അവർ യോസേഫിനെ കുഴിയിൽനിന്നു വലിച്ചു കയറ്റി, യിശ്മായേല്യർക്കു ഇരുപതു വെള്ളിക്കാശിന്നു വിറ്റു. അവർ യോസേഫിനെ മിസ്രയീമിലേക്കു കൊണ്ടുപോയി.

Gen. 37:29 രൂബേൻ തിരികെ കുഴിയുടെ അടുക്കൽ ചെന്നപ്പോൾ യോസേഫ് കുഴിയിൽ ഇല്ല എന്നു കണ്ടു തന്റെ വസ്ത്രം കീറി,

Gen. 37:30 സഹോദരന്മാരുടെ അടുക്കൽ വന്നു: ബാലനെ കാണുന്നില്ലല്ലോ; ഞാൻ ഇനി എവിടെ പോകേണ്ടു എന്നു പറഞ്ഞു.

Gen. 37:31 പിന്നെ അവർ ഒരു കോലാട്ടുകൊറ്റനെ കൊന്നു, യോസേഫിന്റെ അങ്കി എടുത്തു രക്തത്തിൽ മുക്കി.

Gen. 38:15 യെഹൂദാ അവളെ കണ്ടപ്പോൾ അവൾ മുഖം മൂടിയിരുന്നതു കൊണ്ടു ഒരു വേശ്യ എന്നു നിരൂപിച്ചു.

Gen. 38:16 അവൻ വഴിയരികെ അവളുടെ അടുക്കലേക്കു തിരിഞ്ഞു തന്റെ മരുമകൾ എന്നു അറിയാതെ: വരിക, ഞാൻ നിന്റെ അടുക്കൽ വരട്ടെ എന്നു പറഞ്ഞു. എന്റെ അടുക്കൽ വരുന്നതിന്നു നീ എനിക്കു എന്തു തരും എന്നു അവൾ ചോദിച്ചു.

Gen. 38:17 ഞാൻ ആട്ടിൻകൂട്ടത്തിൽനിന്നു ഒരു കോലാട്ടിൻകുട്ടിയെ നിനക്കു കൊടുത്തയക്കാം എന്നു അവൻ പറഞ്ഞു. നീ കൊടുത്തയക്കുവോളത്തിന്നു ഒരു പണയം തരുമോ എന്നു അവൾ ചോദിച്ചു.

Gen. 38:18 എന്തു പണയം തരേണം എന്നു അവൻ ചോദിച്ചതിന്നു നിന്റെ മുദ്രമോതിരവും മോതിരച്ചരടും നിന്റെ കയ്യിലെ വടിയും എന്നു അവൾ പറഞ്ഞു. ഇവ അവൾക്കു കൊടുത്തു, അവൻ അവളുടെ അടുക്കൽ ചെന്നു; അവൾ ഗർഭം ധരിക്കയും ചെയ്തു.

Gen. 39:7 യോസേഫ് കോമളനും മനോഹരരൂപിയും ആയിരുന്നതുകൊണ്ടു യജമാനന്റെ ഭാര്യ യോസേഫിന്മേൽ കണ്ണു പതിച്ചു: എന്നോടുകൂടെ ശയിക്ക എന്നു പറഞ്ഞു.

Gen. 39:8 അവൻ അതിന്നു സമ്മതിക്കാതെ യജമാനന്റെ ഭാര്യയോടു: ഇതാ, വീട്ടിൽ എന്റെ കൈവശമുള്ള യാതൊന്നും എന്റെ യജമാനൻ അറിയുന്നില്ല; തനിക്കുള്ളതൊക്കെയും എന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു.

Gen. 39:9 ഈ വീട്ടിൽ എന്നെക്കാൾ വലിയവനില്ല; നീ അവന്റെ ഭാര്യയാകയാൽ നിന്നെയല്ലാതെ മറ്റു യാതൊന്നും അവൻ എനിക്കു വിരോധിച്ചിട്ടുമില്ല; അതുകൊണ്ടു ഞാൻ ഈ മഹാദോഷം പ്രവർത്തിച്ചു ദൈവത്തോടു പാപം ചെയ്യുന്നതു എങ്ങനെ എന്നു പറഞ്ഞു.

Gen. 39:10 അവൾ ദിനം പ്രതിയും യോസേഫിനോടു പറഞ്ഞിട്ടും അവളോടുകൂടെ ശയിപ്പാനോ അവളുടെ അരികെ ഇരിപ്പാനോ അവൻ അവളെ അനുസരിച്ചില്ല.

Gen. 39:11 ഒരു ദിവസം അവൻ തന്റെ പ്രവൃത്തി ചെയ്‌വാൻ വീട്ടിന്നകത്തു ചെന്നു; വീട്ടിലുള്ളവർ ആരും അവിടെ ഇല്ലായിരുന്നു.

Gen. 39:12 അവൾ അവന്റെ വസ്ത്രം പിടിച്ചു: എന്നോടുകൂടെ ശയിക്ക എന്നു പറഞ്ഞു: എന്നാൽ അവൻ തന്റെ വസ്ത്രം അവളുടെ കയ്യിൽ വിട്ടേച്ചു പുറത്തേക്കു ഓടിക്കളഞ്ഞു.

Gen. 39:13 അവൻ വസ്ത്രം തന്റെ കയ്യിൽ വിട്ടേച്ചു പുറത്തേക്കു ഓടിപ്പോയി എന്നു കണ്ടപ്പോൾ,

Gen. 39:14 അവൾ വീട്ടിലുള്ളവരെ വിളിച്ചു അവരോടു: കണ്ടോ, നമ്മെ ഹാസ്യമാക്കേണ്ടതിന്നു അവൻ ഒരു എബ്രായനെ കൊണ്ടുവന്നിട്ടിരിക്കുന്നു; അവൻ എന്നോടുകൂടെ ശയിക്കേണ്ടതിന്നു എന്റെ അടുക്കൽ വന്നു; എന്നാൽ ഞാൻ ഉറക്കെ നിലവിളിച്ചു.

Gen. 39:15 ഞാൻ ഉറക്കെ നിലവിളിച്ചതു കേട്ടപ്പോൾ അവൻ തന്റെ വസ്ത്രം എന്റെ അടുക്കൽ വിട്ടേച്ചു ഓടി പൊയ്ക്കളഞ്ഞു എന്നു പറഞ്ഞു.

Gen. 39:16 യജമാനൻ വീട്ടിൽ വരുവോളം അവൾ ആ വസ്ത്രം തന്റെ പക്കൽ വെച്ചുകൊണ്ടിരുന്നു.

Gen. 39:17 അവനോടു അവൾ അവ്വണ്ണം തന്നേ സംസാരിച്ചു: നീ കൊണ്ടുവന്നിരിക്കുന്ന എബ്രായദാസൻ എന്നെ ഹാസ്യമാക്കുവാൻ എന്റെ അടുക്കൽ വന്നു.

Gen. 39:18 ഞാൻ ഉറക്കെ നിലവിളിച്ചപ്പോൾ അവൻ തന്റെ വസ്ത്രം എന്റെ അടുക്കൽ വിട്ടേച്ചു പുറത്തേക്കു ഓടിപ്പോയി എന്നു പറഞ്ഞു.

Gen. 39:19 നിന്റെ ദാസൻ ഇങ്ങനെ എന്നോടു ചെയ്തു എന്നു തന്റെ ഭാര്യ പറഞ്ഞ വാക്കു യജമാനൻ കേട്ടപ്പോൾ അവന്നു കോപം ജ്വലിച്ചു.

Gen. 39:20 യോസേഫിന്റെ യജമാനൻ അവനെ പിടിച്ചു രാജാവിന്റെ ബദ്ധന്മാർ കിടക്കുന്ന കാരാഗൃഹത്തിൽ ആക്കി; അങ്ങനെ അവൻ കാരാഗൃഹത്തിൽ കിടന്നു.

Gen. 39:21 എന്നാൽ യഹോവ യോസേഫിനോടുകൂടെ ഇരുന്നു, കാരാഗൃഹപ്രമാണിക്കു അവനോടു ദയ തോന്നത്തക്കവണ്ണം അവന്നു കൃപ നല്കി.

Gen. 39:22 കാരാഗൃഹത്തിലെ സകലബദ്ധന്മാരെയും കാരാഗൃഹപ്രമാണി യോസേഫിന്റെ കയ്യിൽ ഏല്പിച്ചു; അവരുടെ പ്രവൃത്തിക്കൊക്കെയും അവൻ വിചാരകനായിരുന്നു.

Gen. 39:23 യഹോവ അവനോടുകൂടെ ഇരുന്നു അവൻ ചെയ്തതൊക്കെയും സഫലമാക്കുകകൊണ്ടു അവന്റെ കൈക്കീഴുള്ള യാതൊന്നും കാരാഗൃഹപ്രമാണി നോക്കിയില്ല.

C. മത്തായി 5—7-ൽ വിവരിച്ചിരിക്കുന്ന സ്വർഗരാജ്യത്തിന്റെ ജീവിതമായിരുന്നു സ്വർഗീയ ദർശനത്തിൻ കീഴിലുള്ള യോസേഫിന്റെ ജീവിതം; അത്തരമൊരു ജീവിതം നയിച്ചുകൊണ്ട്, അവൻ ഒരു രാജാവായി വാഴുവാൻ പൂർണമായും തയ്യാറാക്കപ്പെട്ടു; മത്തായിലെ ഈ അധ്യായങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്ന സ്വർഗരാജ്യത്തിന്റെ ഭരണഘടന അനുസരിച്ച്, നാം നമ്മുടെ കോപത്തെ കീഴ്പ്പെടുത്തുകയും, നമ്മുടെ ആസക്തിയെ ജയിക്കുകയും വേണം (5:21-32).

Matt 5~7 be omitted.

Matt. 5:21 “കൊല ചെയ്യരുത് എന്നും കൊല ചെയ്യുന്നവൻ ന്യായവിധിക്കു വിധേയനാകും” എന്ന് പൂർവികരോട് അരുളിച്ചെയ്തതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.

Matt. 5:22 എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു, തന്റെ സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു വിധേയനാകും. തന്റെ

സഹോദരനോടു റാക്കാ എന്നു പറയുന്നവൻ സൻഹെദ്രിന്റെ ന്യായവിധിക്കു വിധേയനാകും; മോറേ എന്നു പറയുന്നവൻ തീയുടെ ഗെഹെന്നക്കു വിധേയനാകും.

Matt. 5:23 ആകയാൽ നീ യാഗപീഠത്തിന്മേൽ നിന്റെ ഉപഹാരം അർപ്പിക്കുകയും അവിടെവച്ച് നിന്റെ സഹോദരനു നിനക്കെതിരെ വല്ലതും ഉണ്ടെന്നു നിനക്ക് ഓർമ വരുകയും ചെയ്താൽ,

Matt. 5:24 നിന്റെ ഉപഹാരം അവിടെ യാഗപീഠത്തിനു മുമ്പാകെ വച്ചിട്ട്, ആദ്യം പോയി നിന്റെ സഹോദരനോടു നിരപ്പു പ്രാപിക്കുക, എന്നിട്ടു വന്നു നിന്റെ ഉപഹാരം അർപ്പിക്കുക.

Matt. 5:25 വ്യവഹരിക്കുന്ന നിന്റെ പ്രതിയോഗിയോടു നീ അവനോടൊപ്പം വഴിയിൽ ഉള്ളപ്പോൾതന്നെ വേഗത്തിൽ ഇണങ്ങിക്കൊള്ളുക, അല്ലാഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ ഉദ്യോഗസ്ഥനും ഏൽപ്പിച്ചിട്ടു നീ കാരാഗൃഹത്തിലേക്ക് എറിയപ്പെടും.

Matt. 5:26 അവസാനത്തെ കൊദ്രാൻ കൊടുക്കുംവരെ നീ ഒരുവിധത്തിലും അവിടെനിന്നു പുറത്തുവരുകയില്ല എന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു.

Matt. 5:27 “വ്യഭിചാരം ചെയ്യരുത്” എന്ന് അരുളിച്ചെയ്തതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.

Matt. 5:28 എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, സ്ത്രീയെ മോഹിക്കുവാൻ വേണ്ടി അവളെ നോക്കുന്നവൻ എല്ലാം തന്റെ ഹൃദയത്തിൽ അവളോട് വ്യഭിചാരം ചെയ്തുകഴിഞ്ഞു.

Matt. 5:29 അതിനാൽ നിന്റെ വലങ്കണ്ണു നിനക്ക് ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ ചൂഴ്ന്നെടുത്ത് നിന്നിൽനിന്നു എറിഞ്ഞുകളയുക; എന്തെന്നാൽ നിന്റെ ശരീരം മുഴുവനും ഗെഹെന്നയിലേക്ക് എറിയപ്പെടുന്നതിനെക്കാൾ നിന്റെ അവയവങ്ങളിൽ ഒന്നു നശിക്കുന്നതു നിനക്കു കൂടുതൽ പ്രയോജനകരം ആകുന്നു.

Matt. 5:30 നിന്റെ വലങ്കൈ നിനക്ക് ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ വെട്ടിമാറ്റി നിന്നിൽനിന്നു എറിഞ്ഞുകളയുക; എന്തെന്നാൽ നിന്റെ ശരീരം മുഴുവനും ഗെഹെന്നയിലേക്കു നീങ്ങിപ്പോകുന്നതിനെക്കാൾ നിന്റെ അവയവങ്ങളിൽ ഒന്നു നശിക്കുന്നതു നിനക്കു കൂടുതൽ പ്രയോജനകരം ആകുന്നു.

Matt. 5:31 തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവൾക്ക് ഉപേക്ഷണപത്രം കൊടുക്കട്ടെ എന്ന് അരുളിച്ചെയ്തിട്ടുണ്ടല്ലോ.

Matt. 5:32 എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, പരസംഗം ഹേതുവായല്ലാതെ തന്റെ ഭാര്യയെ വിവാഹമോചനം ചെയ്യുന്നവനെല്ലാം അവളെ വ്യഭിചാരം ചെയ്യുവാൻ ഇടയാക്കുന്നു, വിവാഹമോചനം ചെയ്തവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു.

D. പക്വതയുള്ള ജീവന്റെ വാഴുന്ന വശം എപ്പോഴും കർത്താവിന്റെ സാന്നിധ്യം ആസ്വദിക്കുന്ന ഒരു ജീവിതമാണ് (പ്രവൃ. 7:9); അവന്റെ സാന്നിധ്യമുള്ളിടത്തെല്ലാം അധികാരമുണ്ട്, ഭരിക്കുന്ന ശക്തിയുണ്ട് (ഉൽ. 39:2-5, 21-23):

Acts. 7:9 വംശപിതാക്കന്മാർ യോസേഫിനോട് അസൂയപ്പെടുകയും, അവനെ മിസ്രയീമിലേക്കു വിൽക്കുകയും ചെയ്തു; എങ്കിലും ദൈവം അവനോടുകൂടെ ഉണ്ടായിരുന്ന്,

Gen. 39:2 യഹോവ യോസേഫിനോടുകൂടെ ഉണ്ടായിരുന്നതുകൊണ്ടു അവൻ കൃതാർത്ഥനായി, മിസ്രയീമ്യനായ യജമാനന്റെ വീട്ടിൽ പാർത്തു.

Gen. 39:3 യഹോവ അവനോടുകൂടെ ഉണ്ടെന്നും അവൻ ചെയ്യുന്നതൊക്കെയും യഹോവ സാധിപ്പിക്കുന്നു എന്നും അവന്റെ യജമാനൻ കണ്ടു.

Gen. 39:4 അതുകൊണ്ടു യോസേഫ് അവന്നു ഇഷ്ടനായി ശുശ്രൂഷചെയ്തു; അവൻ അവനെ ഗൃഹവിചാരകനാക്കി, തനിക്കുള്ളതൊക്കെയും അവന്റെ കയ്യിൽ ഏല്പിച്ചു.

Gen. 39:5 അവൻ തന്റെ വീട്ടിന്നും തനിക്കുള്ള സകലത്തിന്നും അവനെ വിചാരകനാക്കിയതുമുതൽ യഹോവ യോസേഫിന്റെ നിമിത്തം മിസ്രയീമ്യന്റെ വീട്ടിനെ അനുഗ്രഹിച്ചു; വീട്ടിലും വയലിലും അവന്നുള്ള സകലത്തിന്മേലും യഹോവയുടെ അനുഗ്രഹം ഉണ്ടായി.

Gen. 39:21 എന്നാൽ യഹോവ യോസേഫിനോടുകൂടെ ഇരുന്നു, കാരാഗൃഹപ്രമാണിക്കു അവനോടു ദയ തോന്നത്തക്കവണ്ണം അവന്നു കൃപ നല്കി.

Gen. 39:22 കാരാഗൃഹത്തിലെ സകലബദ്ധന്മാരെയും കാരാഗൃഹപ്രമാണി യോസേഫിന്റെ കയ്യിൽ ഏല്പിച്ചു; അവരുടെ പ്രവൃത്തിക്കൊക്കെയും അവൻ വിചാരകനായിരുന്നു.

Gen. 39:23 യഹോവ അവനോടുകൂടെ ഇരുന്നു അവൻ ചെയ്തതൊക്കെയും സഫലമാക്കുകകൊണ്ടു അവന്റെ കൈക്കീഴുള്ള യാതൊന്നും കാരാഗൃഹപ്രമാണി നോക്കിയില്ല.

1. കർത്താവിന്റെ സാന്നിധ്യത്തിൽ, യോസേഫ് അവനാൽ അഭിവൃദ്ധി പ്രാപിച്ചു; യോസേഫ് മോശമായ പെരുമാറ്റത്തിന് വിധേയനായപ്പോൾ, കർത്താവിന്റെ സർവാധികാരത്തിൻ കീഴിൽ തനിക്കു ലഭിച്ച കർത്താവിന്റെ അഭിവൃദ്ധി അവൻ ആസ്വദിച്ചു.
2. കർത്താവിന്റെ സാന്നിധ്യത്തിൽ, യോസേഫ് ആയിരുന്നിടത്തെല്ലാം കർത്താവിന്റെ അനുഗ്രഹത്താൽ അവന് പ്രീതി ലഭിച്ചു; യോസേഫ് അഭിവൃദ്ധി ആസ്വദിച്ചപ്പോൾ, അവനും അവനുമായി ബന്ധപ്പെട്ടിരുന്നവരും അനുഗ്രഹിക്കപ്പെട്ടു—വാ. 4-5, 22-23.

   Gen. 39:4 അതുകൊണ്ടു യോസേഫ് അവന്നു ഇഷ്ടനായി ശുശ്രൂഷചെയ്തു; അവൻ അവനെ ഗൃഹവിചാരകനാക്കി, തനിക്കുള്ളതൊക്കെയും അവന്റെ കയ്യിൽ ഏല്പിച്ചു.

   Gen. 39:5 അവൻ തന്റെ വീട്ടിന്നും തനിക്കുള്ള സകലത്തിന്നും അവനെ വിചാരകനാക്കിയതുമുതൽ യഹോവ യോസേഫിന്റെ നിമിത്തം മിസ്രയീമ്യന്റെ വീട്ടിനെ അനുഗ്രഹിച്ചു; വീട്ടിലും വയലിലും അവന്നുള്ള സകലത്തിന്മേലും യഹോവയുടെ അനുഗ്രഹം ഉണ്ടായി.

   Gen. 39:22 കാരാഗൃഹത്തിലെ സകലബദ്ധന്മാരെയും കാരാഗൃഹപ്രമാണി യോസേഫിന്റെ കയ്യിൽ ഏല്പിച്ചു; അവരുടെ പ്രവൃത്തിക്കൊക്കെയും അവൻ വിചാരകനായിരുന്നു.

   Gen. 39:23 യഹോവ അവനോടുകൂടെ ഇരുന്നു അവൻ ചെയ്തതൊക്കെയും

സഫലമാക്കുകകൊണ്ടു അവന്റെ കൈക്കീഴുള്ള യാതൊന്നും കാരാഗൃഹപ്രമാണി നോക്കിയില്ല.

E. തന്റെ സ്വന്തം സ്വപ്നങ്ങൾ അതുവരെ നിവർത്തിയാകാതിരുന്നിട്ടും, കാരാഗൃഹത്തിൽ കിടക്കുന്ന തന്റെ രണ്ട് കൂട്ടാളികളുടെ സ്വപ്നങ്ങളെ വ്യാഖ്യാനിക്കുവാനുള്ള വിശ്വാസവും ധൈര്യവും യോസേഫിനുണ്ടായിരുന്നു (40:8); ഒടുവിൽ, പാനപാത്രവാഹകന്റെ സ്വപ്നത്തെ വിശ്വാസത്താൽ തന്റെ സംസാരത്തിലൂടെ വ്യാഖ്യാനിച്ചതിലൂടെ പരോക്ഷമായി യോസേഫ് കാരാഗൃഹത്തിൽ നിന്ന് മോചിതനാകുകയും (41:9-13), ഫറവോന്റെ സ്വപ്നങ്ങളെ വ്യാഖ്യാനിക്കുന്നതിൽ ധൈര്യത്തോടെ സംസാരിച്ചതിലൂടെ അവൻ നേരിട്ട് സിംഹാസനത്തിലേക്ക് ആനയിക്കപ്പെടുകയും ചെയ്തു (വാ. 14-46); മോചനവും അധികാരവും അവന്റെ സംസാരത്തിലൂടെ അവനിലേക്ക് വന്നു:

Gen. 40:8 അവർ അവനോടു: ഞങ്ങൾ സ്വപ്നം കണ്ടു; വ്യാഖ്യാനിച്ചുതരുവാൻ ആരുമില്ല എന്നു പറഞ്ഞു. യോസേഫ് അവരോടു: സ്വപ്നവ്യാഖ്യാനം ദൈവത്തിന്നുള്ളതല്ലയോ? അതു എന്നോടു പറവിൻ എന്നു പറഞ്ഞു.

Gen. 41:9 അപ്പോൾ പാനപാത്രവാഹകന്മാരുടെ പ്രമാണി ഫറവോനോടു പറഞ്ഞതു: ഇന്നു ഞാൻ എന്റെ കുറ്റം ഓർക്കുന്നു.

Gen. 41:10 ഫറവോൻ അടിയങ്ങളോടു കോപിച്ചു, എന്നെയും അപ്പക്കാരുടെ പ്രമാണിയെയും അകമ്പടിനായകന്റെ വീട്ടിൽ തടവിലാക്കിയിരുന്നുവല്ലോ.

Gen. 41:11 അവിടെവെച്ചു ഞാനും അവനും ഒരു രാത്രിയിൽ തന്നേ സ്വപ്നം കണ്ടു; വെവ്വേറെ അർത്ഥമുള്ള സ്വപ്നം ആയിരുന്നു ഓരോരുത്തൻ കണ്ടതു.

Gen. 41:12 അവിടെ അകമ്പടിനായകന്റെ ദാസനായ ഒരു എബ്രായയൌവനക്കാരൻ ഞങ്ങളോടുകൂടെ ഉണ്ടായിരുന്നു; ഞങ്ങൾ അവനോടു അറിയിച്ചാറെ അവൻ സ്വപ്നങ്ങളെ വ്യാഖ്യാനിച്ചു; ഓരോരുത്തന്നു താന്താന്റെ സ്വപ്നത്തിന്റെ അർത്ഥം പറഞ്ഞുതന്നു.

Gen. 41:13 അവൻ അർത്ഥം പറഞ്ഞതുപോലെ തന്നേ സംഭവിച്ചു; എന്നെ വീണ്ടും സ്ഥാനത്തു ആക്കുകയും മറ്റവനെ തൂക്കിക്കളകയും ചെയ്തുവല്ലോ.

Gen. 41:14 ഉടനെ ഫറവോൻ ആളയച്ചു യോസേഫിനെ വിളിപ്പിച്ചു. അവർ അവനെ വേഗത്തിൽ കുണ്ടറയിൽനിന്നു ഇറക്കി; അവൻ ക്ഷൌരം ചെയ്യിച്ചു, വസ്ത്രം മാറി, ഫറവോന്റെ അടുക്കൽ ചെന്നു.

Gen. 41:15 ഫറവോൻ യോസേഫിനോടു: ഞാൻ ഒരു സ്വപ്നം കണ്ടു; അതിനെ വ്യാഖ്യാനിപ്പാൻ ആരുമില്ല; എന്നാൽ നീ ഒരു സ്വപ്നം കേട്ടാൽ വ്യാഖ്യാനിക്കുമെന്നു നിന്നെക്കുറിച്ചു ഞാൻ കേട്ടിരിക്കുന്നു എന്നു പറഞ്ഞു.

Gen. 41:16 അതിന്നു യോസേഫ് ഫറവോനോടു: ഞാനല്ല ദൈവം തന്നേ ഫറവോന്നു ശുഭമായോരു ഉത്തരം നല്കും എന്നു പറഞ്ഞു.

Gen. 41:17 പിന്നെ ഫറവോൻ യോസേഫിനോടു പറഞ്ഞതു: എന്റെ സ്വപ്നത്തിൽ ഞാൻ നദീതീരത്തുനിന്നു.

Gen. 41:18 അപ്പോൾ മാംസപുഷ്ടിയും രൂപഗുണവുമുള്ള ഏഴു പശു നദിയിൽനിന്നു കയറി ഞാങ്ങണയുടെ ഇടയിൽ മേഞ്ഞുകൊണ്ടിരുന്നു.

Gen. 41:19 അവയുടെ പിന്നാലെ ക്ഷീണിച്ചും മെലിഞ്ഞും എത്രയും വിരൂപമായുമുള്ള വേറെ ഏഴു പശു കയറിവന്നു; അത്ര വിരൂപമായവയെ ഞാൻ മിസ്രയീംദേശത്തു എങ്ങും കണ്ടിട്ടില്ല.
Gen. 41:20 എന്നാൽ മെലിഞ്ഞും വിരൂപമായുമുള്ള പശുക്കൾ പുഷ്ടിയുള്ള മുമ്പിലത്തെ ഏഴു പശുക്കളെ തിന്നുകളഞ്ഞു;
Gen. 41:21 ഇവ അവയുടെ വയറ്റിൽ ചെന്നിട്ടും വയറ്റിൽ ചെന്നു എന്നു അറിവാനില്ലായിരുന്നു; അവ മുമ്പിലത്തെപ്പോലെ തന്നേ വിരൂപമുള്ളവ ആയിരുന്നു. അപ്പോൾ ഞാൻ ഉണർന്നു.
Gen. 41:22 പിന്നെയും ഞാൻ സ്വപ്നത്തിൽ കണ്ടതു: നിറഞ്ഞതും നല്ലതുമായ ഏഴു കതിർ ഒരു തണ്ടിൽ പൊങ്ങിവന്നു.
Gen. 41:23 അവയുടെ പിന്നാലെ ഉണങ്ങിയും നേർത്തും കിഴക്കൻ കാറ്റിനാൽ കരിഞ്ഞുമിരിക്കുന്ന ഏഴു കതിർ പൊങ്ങിവന്നു.
Gen. 41:24 നേർത്ത കതിരുകൾ ഏഴു നല്ല കതിരുകളെ വിഴുങ്ങിക്കളഞ്ഞു. ഇതു ഞാൻ മന്ത്രവാദികളോടു പറഞ്ഞു; എന്നാൽ വ്യാഖ്യാനിപ്പാൻ ആർക്കും കഴിഞ്ഞില്ല.
Gen. 41:25 അപ്പോൾ യോസേഫ് ഫറവോനോടു പറഞ്ഞതു: ഫറവോന്റെ സ്വപ്നം ഒന്നു തന്നേ; താൻ ചെയ്‌വാൻ ഭാവിക്കുന്നതു ദൈവം ഫറവോന്നു വെളിപ്പെടുത്തിയിരിക്കുന്നു.
Gen. 41:26 ഏഴു നല്ല പശു ഏഴു സംവത്സരം; നല്ല കതിരും ഏഴു സംവത്സരം; സ്വപ്നം ഒന്നുതന്നേ.
Gen. 41:27 അവയുടെ പിന്നാലെ കയറിവന്ന മെലിഞ്ഞും വിരൂപമായുമുള്ള ഏഴു പശുവും കിഴക്കൻകാറ്റിനാൽ കരിഞ്ഞു പതിരായുള്ള ഏഴു കതിരും ഏഴു സംവത്സരം; അവ ക്ഷാമമുള്ള ഏഴു സംവത്സരം ആകുന്നു.
Gen. 41:28 ദൈവം ചെയ്‌വാൻ ഭാവിക്കുന്നതു ഫറവോന്നു കാണിച്ചു തന്നിരിക്കുന്നു. അതാകുന്നു ഞാൻ ഫറവോനോടു പറഞ്ഞതു.
Gen. 41:29 മിസ്രയീംദേശത്തു ഒക്കെയും ബഹു സുഭിക്ഷമായ ഏഴു സംവത്സരം വരും.
Gen. 41:30 അതു കഴിഞ്ഞിട്ടു ക്ഷാമമുള്ള ഏഴു സംവത്സരം വരും; അപ്പോൾ മിസ്രയീംദേശത്തു ആ സുഭിക്ഷതയൊക്കെയും മറന്നിരിക്കും; ക്ഷാമത്താൽ ദേശം ഒക്കെയും ക്ഷയിച്ചുപോകും.
Gen. 41:31 പിൻവരുന്ന ക്ഷാമം അതികഠിനമായിരിക്കയാൽ ദേശത്തുണ്ടായിരുന്ന സുഭിക്ഷത അറിയാതെയായിപ്പോകും.
Gen. 41:32 ഫറവോന്നു സ്വപ്നം രണ്ടുവട്ടം ഉണ്ടായതോ കാര്യം ദൈവത്തിന്റെ മുമ്പാകെ സ്ഥിരമായിരിക്കകൊണ്ടും ദൈവം അതിനെ വേഗത്തിൽ വരുത്തുവാനിരിക്കകൊണ്ടും ആകുന്നു.
Gen. 41:33 ആകയാൽ ഫറവോൻ വിവേകവും ജ്ഞാനവുമുള്ള ഒരുത്തനെ അന്വേഷിച്ചു മിസ്രയീംദേശത്തിന്നു മേലധികാരി ആക്കി വെക്കേണം.
Gen. 41:34 അതുകൂടാതെ ഫറവോൻ ദേശത്തിന്മേൽ വിചാരകന്മാരെ ആക്കി, സുഭിക്ഷതയുള്ള ഏഴു സംവത്സരത്തിൽ മിസ്രയീംദേശത്തിലെ വിളവിൽ അഞ്ചിലൊന്നു വാങ്ങേണം.

Gen. 41:35 ഈ വരുന്ന നല്ല സംവത്സരങ്ങളിലെ വിളവൊക്കെയും ശേഖരിച്ചു പട്ടണങ്ങളിൽ ഫറവോന്റെ അധീനത്തിൽ ധാന്യം സൂക്ഷിച്ചുവെക്കേണം.

Gen. 41:36 ആ ധാന്യം മിസ്രയീംദേശത്തു വരുവാൻപോകുന്ന ക്ഷാമമുള്ള ഏഴുസംവത്സരത്തേക്കു ദേശത്തിന്നു സംഗ്രഹമായിട്ടിരിക്കേണം; എന്നാൽ ദേശം ക്ഷാമം കൊണ്ടു നശിക്കയില്ല.

Gen. 41:37 ഈ വാക്കു ഫറവോന്നും അവന്റെ സകലഭൃത്യന്മാർക്കും ബോധിച്ചു.

Gen. 41:38 ഫറവോൻ തന്റെ ഭൃത്യന്മാരോടു: ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടുകിട്ടുമോ എന്നു പറഞ്ഞു.

Gen. 41:39 പിന്നെ ഫറവോൻ യോസേഫിനോടു: ദൈവം ഇതൊക്കെയും നിനക്കു വെളിപ്പെടുത്തി തന്നതുകൊണ്ടു നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല.

Gen. 41:40 നീ എന്റെ ഗൃഹത്തിന്നു മേലധികാരിയാകും; നിന്റെ വാക്കു എന്റെ ജനമെല്ലാം അനുസരിച്ചു നടക്കും; സിംഹാസനംകൊണ്ടു മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും എന്നു പറഞ്ഞു.

Gen. 41:41 ഇതാ, മിസ്രയീംദേശത്തിന്നൊക്കെയും ഞാൻ നിന്നെ മേലധികാരി ആക്കിയിരിക്കുന്നു, എന്നും ഫറവോൻ യോസേഫിനോടു പറഞ്ഞു.

Gen. 41:42 ഫറവോൻ തന്റെ കയ്യിൽനിന്നു മുദ്രമോതിരം ഊരി, യോസേഫിന്റെ കൈക്കു ഇട്ടു, അവനെ നേർമ്മയുള്ള വസ്ത്രം ധരിപ്പിച്ചു, ഒരു സ്വർണ്ണസരപ്പളിയും അവന്റെ കഴുത്തിൽ ഇട്ടു.

Gen. 41:43 തന്റെ രണ്ടാം രഥത്തിൽ അവനെ കയറ്റി: മുട്ടുകുത്തുവിൻ എന്നു അവന്റെ മുമ്പിൽ വിളിച്ചു പറയിച്ചു; ഇങ്ങനെ അവനെ മിസ്രയീംദേശത്തിന്നൊക്കെയും മേലധികാരിയാക്കി.

Gen. 41:44 പിന്നെ ഫറവോൻ യോസേഫിനോടു: ഞാൻ ഫറവോൻ ആകുന്നു; നിന്റെ കല്പനകൂടാതെ മിസ്രയീംദേശത്തു എങ്ങും യാതൊരുത്തനും കയ്യോ കാലോ അനക്കുകയില്ല എന്നു പറഞ്ഞു.

Gen. 41:45 ഫറവോൻ യോസേഫിന്നു സാപ്നത്ത് പനേഹ് എന്നു പേരിട്ടു; ഓനിലെ പുരോഹിതനായ പോത്തിഫേറയുടെ മകൾ ആസ്നത്തിനെ അവന്നു ഭാര്യയായി കൊടുത്തു. പിന്നെ യോസേഫ് മിസ്രയീംദേശത്തു സഞ്ചരിച്ചു.

Gen. 41:46 യോസേഫ് മിസ്രയീംരാജാവായ ഫറവോന്റെ മുമ്പാകെ നില്ക്കുമ്പോൾ അവന്നു മുപ്പതു വയസ്സായിരുന്നു യോസേഫ് ഫറവോന്റെ സന്നിധാനത്തിൽനിന്നു പുറപ്പെട്ടു മിസ്രയീംദേശത്തു ഒക്കെയും സഞ്ചരിച്ചു.

1. ആൻഡ്രൂ മുറെ ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി: വചനത്തിന്റെ നല്ല ശുശ്രൂഷകൻ എപ്പോഴും താൻ അനുഭവിച്ചതിനേക്കാൾ അധികം ശുശ്രൂഷിക്കണം; ദർശനത്തിന്റെ നിവൃത്തിയെക്കാൾ കൂടുതൽ ദർശനത്തിനനുസരിച്ച് നാം സംസാരിക്കണം എന്നാണ് ഇതിന്റെ അർഥം.
2. നമ്മുടെ ദർശനം നിവർത്തിക്കപ്പെട്ടില്ലെങ്കിലും, നാം അതിനെക്കുറിച്ച് മറ്റുള്ളവരോട് പറയണം; നമ്മുടെ ദർശനം നിറവേറുന്ന സമയം വരും; പാനപാത്രവാഹകന്റെ സ്വപ്നത്തിന്റെ വ്യാഖ്യാനത്തിലൂടെ യോസേഫിന്റെ സ്വപ്നങ്ങൾ ഒടുവിൽ നിവർത്തിക്കപ്പെട്ടു.
3. നാം നമ്മുടെ അനുഭൂതിക്കനുസരിച്ചല്ല, സ്വർഗീയ ദർശനമനുസരിച്ചാണ്

സംസാരിക്കേണ്ടത്; നാം ദൈവത്തിന്റെ നിത്യ വ്യവസ്ഥയുടെ ദീർഘദർശികളും, ദർശകന്മാരും ആയതിനാൽ നാം അവന്റെ വ്യവസ്ഥയുടെ സത്യത്തിന്റെ സമ്പൂർണത അനുസരിച്ച് സംസാരിക്കണം—പ്രവൃ. 26:16-19.

Acts. 26:16 എന്നാൽ എഴുന്നേറ്റ് നിവർന്നുനിൽക്കുക; നീ എന്നെ കണ്ട കാര്യങ്ങൾക്കും ഞാൻ നിനക്കു പ്രത്യക്ഷനാകുവാൻ പോകുന്ന കാര്യങ്ങൾക്കും, നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിക്കുവാൻ നിനക്ക് ഞാൻ പ്രത്യക്ഷനായിരിക്കുന്നു;

Acts. 26:17 ജനത്തിൽനിന്നും ജാതികളിൽനിന്നും നിന്നെ വിടുവിച്ചുകൊണ്ട് ഞാൻ നിന്നെ,

Acts. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

Acts. 26:19 അതുകൊണ്ട് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗീയ ദർശനത്തോട് അനുസരണക്കേടുള്ളവൻ ആയിരുന്നില്ല.

F. നാം ക്രിസ്തുവിനെ ജീവിച്ചു വെളിപ്പെടുത്തുന്നുവെങ്കിൽ, നാം എവിടെയായിരുന്നാലും ജീവൻ അല്ലെങ്കിൽ മരണം കൊണ്ടുവരും (2 കൊരി. 2:14-16); പാനപാത്രവാഹകന് യോസേഫ് പുനഃസ്ഥാപനം കൊണ്ടുവന്നു; അപ്പക്കാരന് അവൻ വധശിക്ഷ കൊണ്ടുവന്നു (ഉൽ. 41:12-13).

2 Cor. 2:14 എന്നാൽ ഞങ്ങളെ ക്രിസ്തുവിൽ എല്ലായ്പ്പോഴും ജയോത്സവത്തിൽ നടത്തുകയും ഞങ്ങളിലൂടെ എല്ലായിടത്തും അവന്റെ പരിജ്ഞാനത്തിന്റെ വാസന വെളിവാക്കുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം.

2 Cor. 2:15 ഞങ്ങൾ രക്ഷിക്കപ്പെടുന്നവരിലും നശിക്കുന്നവരിലും ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യം ആകുന്നു.

2 Cor. 2:16 ചിലർക്ക് മരണത്തിൽനിന്ന് മരണത്തിങ്കലേക്കുള്ള വാസനയും, മറ്റുള്ളവർക്ക് ജീവനിൽനിന്ന് ജീവങ്കലേക്കുള്ള വാസനയും. ഇവയ്ക്ക് പര്യാപ്തൻ ആർ?

Gen. 41:12 അവിടെ അകമ്പടിനായകന്റെ ദാസനായ ഒരു എബ്രായയൌവനക്കാരൻ ഞങ്ങളോടുകൂടെ ഉണ്ടായിരുന്നു; ഞങ്ങൾ അവനോടു അറിയിച്ചാറെ അവൻ സ്വപ്നങ്ങളെ വ്യാഖ്യാനിച്ചു; ഓരോരുത്തന്നു താന്താന്റെ സ്വപ്നത്തിന്റെ അർത്ഥം പറഞ്ഞുതന്നു.

Gen. 41:13 അവൻ അർത്ഥം പറഞ്ഞതുപോലെ തന്നേ സംഭവിച്ചു; എന്നെ വീണ്ടും സ്ഥാനത്തു ആക്കുകയും മറ്റവനെ തൂക്കിക്കളകയും ചെയ്തുവല്ലോ.

G. നാം കർത്താവിനെ അന്വേഷിക്കുന്നെങ്കിൽ, അവൻ നമ്മെ ഒരു "തുറുങ്കിൽ" ആക്കിവെയ്ക്കും; തുറുങ്ക് ഇല്ലാതെ നമുക്ക് സിംഹാസനത്തിലേക്ക് ആരോഹണം ചെയ്യുവാൻ കഴിയില്ല; നാം "തുറുങ്കിൽ നിന്നും കൊഴിഞ്ഞുപോകുന്ന" ഒരുവൻ ആകരുത്; ബിരുദം നേടി കിരീടം പ്രാപിക്കുന്നതുവരെ നാം തുറുങ്കിൽ തന്നെ കഴിയണം—എഫെ. 3:1; 4:1; യാക്കോ. 1:12.

Eph. 3:1 ഇതു നിമിത്തം ജാതികളായ നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിന്റെ തടവുകാരനായ പൗലൊസ് എന്ന ഞാൻ,

Eph. 4:1 ആകയാൽ കർത്താവിൽ തടവുകാരനായ ഞാൻ, നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായി നടക്കുവാൻ നിങ്ങളോട് അപേക്ഷിക്കുന്നു,

James. 1:12 പരീക്ഷ സഹിക്കുന്ന മനുഷ്യൻ അനുഗ്രഹീതൻ, എന്തുകൊണ്ടെന്നാൽ അവൻ ശോധനയാൽ അംഗീകൃതനായിത്തീരുമ്പോൾ, കർത്താവ് തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത, ജീവകിരീടം പ്രാപിക്കും.

**II. ഫലപുഷ്ടിയുള്ള ഒരു കൊമ്പെന്ന നിലയിൽ യോസേഫ് (ഉല്പ. 49:22) തന്റെ ശാഖകളെന്ന നിലയിൽ തന്റെ വിശ്വാസികളിലൂടെ ദൈവത്തെ പുറത്തേക്കു പടർത്തുന്ന കൊമ്പായ ക്രിസ്തുവിനു (യെശ. 11: 1-2) മുൻകുറിയാകുന്നു (യോഹ. 15:1, 5); ഉല്പത്തി 49:22-ൽ നീരുറവ, ഫലസമൃദ്ധിയുടെ ഉറവിടമായ ദൈവത്തെ സൂചിപ്പിക്കുന്നു (സങ്കീ. 36:9; യിരെ. 2:13), കൊമ്പുകൾ മതിലിനു മുകളിലൂടെ പടരുന്നത് സൂചിപ്പിക്കുന്നത് ക്രിസ്തുവിന്റെ വിശ്വാസികൾ എല്ലാ സാഹചര്യങ്ങളിലും അവനെ മഹത്വപ്പെടുത്തിക്കൊണ്ട് അവന്റെ ശാഖകളായി ക്രിസ്തുവിനെ എല്ലാ പരിമിതികൾക്കും മീതെ പടർത്തുന്നു എന്നാണ് (ഫിലി. 1:20; 4:22; ഫിലേ. 10):**

Gen. 49:22 യോസേഫ് ഫലപ്രദമായോരു വൃക്ഷം, നീരുറവിന്നരികെ ഫലപ്രദമായോരു വൃക്ഷം തന്നേ; അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു.

Isa. 11:1 എന്നാൽ യിശ്ശായിയുടെ കുറ്റിയിൽനിന്നു ഒരു മുള പൊട്ടി പുറപ്പെടും; അവന്റെ വേരുകളിൽനിന്നുള്ള ഒരു കൊമ്പു ഫലം കായിക്കും.

Isa. 11:2 അവന്റെമേൽ യഹോവയുടെ ആത്മാവു ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവു, ആലോചനയുടെയും ബലത്തിന്റെയും ആത്മാവു, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവു തന്നേ.

John. 15:1 ഞാൻ യഥാർഥ മുന്തിരിവള്ളി ആകുന്നു, എന്റെ പിതാവ് കൃഷിക്കാരനും ആകുന്നു.

John. 15:5 ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ, അവൻ വളരെ ഫലം കായ്ക്കുന്നു; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല.

Psa. 36:9 നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു.

Jer. 2:13 എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു: അവർ ജീവജലത്തിന്റെ ഉറവായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നേ, കുഴിച്ചിരിക്കുന്നു.

Phil. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

Phil. 4:22 എല്ലാ വിശുദ്ധന്മാരും, വിശേഷാൽ കൈസരുടെ ഭവനക്കാരിൽ നിന്നുള്ളവരും, നിങ്ങളെ വന്ദനം ചെയ്യുന്നു.

Philem. 1:10 എന്റെ ബന്ധനങ്ങളിൽ ഞാൻ ജനിപ്പിച്ച, എന്റെ മകനായ ഒനേസിമൊസിനെക്കുറിച്ചാകുന്നു ഞാൻ നിന്നോട് അപേക്ഷിക്കുന്നത്,

A. യോസേഫിന് തന്റെ സിംഹാസനാരോഹണത്തിൽ മഹത്വവും സമ്മാനങ്ങളും ലഭിച്ചത് മുൻകുറിക്കുന്നത് ക്രിസ്തുവിന് തന്റെ സ്വർഗാരോഹണത്തിൽ (സങ്കീ. 68:18; പ്രവൃ. 2:33) മഹത്വവും (എബ്രാ. 2:9) സമ്മാനങ്ങളും (ഉല്പ. 41:42) ലഭിച്ചതിനെയാണ്:

Heb. 2:9 എന്നാൽ ദൈവകൃപയാൽ അവൻ സകലത്തിനും പകരം മരണം രുചിക്കേണ്ടതിന്, മരണത്തിന്റെ കഷ്ടത നിമിത്തം ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തപ്പെട്ട യേശുവിനെ, മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിയിച്ചിരിക്കുന്നതായി നാം കാണുന്നു.

Psa. 68:18 നീ ഉയരത്തിലേക്കു കയറി, ബദ്ധന്മാരെ പിടിച്ചു കൊണ്ടുപോയി; യാഹ് എന്ന ദൈവം അവിടെ വസിക്കേണ്ടതിന്നു നീ മനുഷ്യരോടു, മത്സരികളോടു തന്നേ, കാഴ്ച വാങ്ങിയിരിക്കുന്നു.

Acts. 2:33 അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു.

Gen. 41:42 ഫറവോൻ തന്റെ കയ്യിൽനിന്നു മുദ്രമോതിരം ഊരി, യോസേഫിന്റെ കൈക്കു ഇട്ടു, അവനെ നേർമ്മയുള്ള വസ്ത്രം ധരിപ്പിച്ചു, ഒരു സ്വർണ്ണസരപ്പളിയും അവന്റെ കഴുത്തിൽ ഇട്ടു.

1. മോതിരം, വസ്ത്രങ്ങൾ, സ്വർണസരപ്പളി എന്നിവ ക്രിസ്തുവിന്റെ സ്വർഗാരോഹണത്തിൽ ലഭിച്ചതും, സഭയ്ക്ക് കൈമാറിയതുമായ സമ്മാനങ്ങളെ മുൻകുറിക്കുന്നു—വാ. 42:

Gen. 41:42 ഫറവോൻ തന്റെ കയ്യിൽനിന്നു മുദ്രമോതിരം ഊരി, യോസേഫിന്റെ കൈക്കു ഇട്ടു, അവനെ നേർമ്മയുള്ള വസ്ത്രം ധരിപ്പിച്ചു, ഒരു സ്വർണ്ണസരപ്പളിയും അവന്റെ കഴുത്തിൽ ഇട്ടു.

a. മുദ്രമോതിരം ക്രിസ്തുവിന്റെ വിശ്വാസികൾക്കുള്ളിലും അവരുടെ മേലും ഒരു മുദ്രയായ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു —പ്രവൃ. 2:33; എഫെ. 1:13; 4:30; പ്ര.നി. ലൂക്കൊ. 15:22.

Acts. 2:33 അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു.

Eph. 1:13 അവനിൽ നിങ്ങളും, നിങ്ങളുടെ രക്ഷയുടെ സുവിശേഷം എന്ന സത്യവചനം കേൾക്കുകയും, അവനിൽ വിശ്വസിക്കുകയും ചെയ്തിട്ട്, വാഗ്ദത്തത്തിന്റെ പരിശുദ്ധാത്മാവിനാൽ നിങ്ങളെ മുദ്രയിട്ടിരുന്നു,

Eph. 4:30 ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനിൽ നിങ്ങളെ, വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നുവല്ലോ.

Luke. 15:22 എന്നാൽ പിതാവു തന്റെ അടിമകളോടു പറഞ്ഞു, മേൽത്തരമായ ആ മേലങ്കി പെട്ടെന്നു പുറത്തു കൊണ്ടുവന്ന് അവന്റെ മേൽ ഇടുവിൻ, അവന്റെ കൈയിൽ മോതിരവും പാദങ്ങളിൽ ചെരുപ്പുകളും ഇടുവിൻ.

b. വസ്ത്രങ്ങൾ ദൈവമുമ്പാകെ നമ്മുടെ നീതീകരണത്തിനായുള്ള നമ്മുടെ

വസ്തുനിഷ്ഠ നീതിയായ ക്രിസ്തുവിനെയും (1 കൊരി. 1:30; പ്ര.നി. സങ്കീ. 45:9, 13; ലൂക്കൊ. 15:22), കുഞ്ഞാടിന്റെ വിവാഹത്തിൽ പങ്കെടുക്കുവാൻ യോഗ്യത നേടിത്തരുന്ന നമ്മിൽ നിന്ന് ജീവിച്ചു വെളിപ്പെടുന്ന നമ്മുടെ വ്യക്തിനിഷ്ഠ നീതിയായ ക്രിസ്തുവിനെയും സൂചിപ്പിക്കുന്നു (ഫിലി. 3:9; സങ്കീ. 45:14; വെളി. 19:7-9).

1 Cor. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

Psa. 45:9 നിന്റെ സ്ത്രീരത്നങ്ങളുടെ കൂട്ടത്തിൽ രാജകുമാരികൾ ഉണ്ടു; നിന്റെ വലത്തുഭാഗത്തു രാജ്ഞി ഓഫീർ തങ്കം അണിഞ്ഞു നില്ക്കുന്നു.

Psa. 45:13 അഃന്തപുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു; അവളുടെ വസ്ത്രം പൊൻകസവുകൊണ്ടുള്ളതു.

Luke. 15:22 എന്നാൽ പിതാവു തന്റെ അടിമകളോടു പറഞ്ഞു, മേൽത്തരമായ ആ മേലങ്കി പെട്ടെന്നു പുറത്തു കൊണ്ടുവന്ന് അവന്റെ മേൽ ഇടുവിൻ, അവന്റെ കൈയിൽ മോതിരവും പാദങ്ങളിൽ ചെരുപ്പുകളും ഇടുവിൻ.

Phil. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

Psa. 45:14 അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ചു രാജസന്നിധിയിൽ കൊണ്ടുവരും; അവളുടെ തോഴിമാരായി കൂടെ നടക്കുന്ന കന്യകമാരെയും നിന്റെ അടുക്കൽ കൊണ്ടുവരും.

Rev. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

Rev. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

Rev. 19:9 അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

c. കീഴ്പെടലിൽ ആവിഷ്കരിക്കപ്പെടുന്ന അനുസരണത്തിനായി നൽകപ്പെട്ട പരിശുദ്ധാത്മാവിന്റെ സൗന്ദര്യത്തെയാണ് സ്വർണസരപ്പളി സൂചിപ്പിക്കുന്നത് (പ്ര.നി. പ്രവൃ. 5:32); സരപ്പളിയിട്ട കഴുത്ത് ദൈവത്തിന്റെ കൽപ്പന അനുസരിക്കാൻ കീഴടക്കപ്പെട്ടതും അധീനമാക്കപ്പെട്ടതുമായ ഇച്ഛയെ സൂചിപ്പിക്കുന്നു (ഉൽ. 41:42; പ്ര.നി. ഉത്ത. 1:10; സദൃ. 1:8-9).

Acts. 5:32 ഞങ്ങളും, അതുപോലെ ദൈവം തന്നെ അനുസരിക്കുന്നവർക്കു നൽകിയിരിക്കുന്ന പരിശുദ്ധാത്മാവും, ഈ കാര്യങ്ങൾക്ക് സാക്ഷികൾ ആകുന്നു.

Gen. 41:42 ഫറവോൻ തന്റെ കയ്യിൽനിന്നു മുദ്രമോതിരം ഊരി, യോസേഫിന്റെ കൈക്കു ഇട്ടു, അവനെ നേർമ്മയുള്ള വസ്ത്രം ധരിപ്പിച്ചു, ഒരു സ്വർണ്ണസരപ്പളിയും അവന്റെ കഴുത്തിൽ ഇട്ടു.

S. S. 1:10 നിന്റെ കവിൾത്തടങ്ങൾ രത്നാവലികൊണ്ടും നിന്റെ കഴുത്തു മുത്തുമാലകൊണ്ടും ശോഭിച്ചിരിക്കുന്നു.

Prov. 1:8 മകനേ, അപ്പന്റെ പ്രബോധനം കേൾക്ക. അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുതു;

Prov. 1:9 അവ നിന്റെ ശിരസ്സിന്നു അലങ്കാരമാലയും നിന്റെ കഴുത്തിന്നു സരപ്പളിയും ആയിരിക്കും.

2. ആത്മിക അനുഭവങ്ങളുടെ ക്രമം അനുസരിച്ച്, നമുക്ക് ആദ്യം രക്ഷയ്ക്കായി ആത്മാവിന്റെ മുദ്ര ലഭിക്കുന്നു; എന്നിട്ട് നാം നീതിയുടെ വസ്ത്രം സ്വീകരിക്കുകയും ക്രിസ്തുവിനെ ജീവിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു (ഗലാ. 2:20; ഫിലി. 1:20-21); നമുക്ക് ക്രിസ്തുവിനെ ജീവിക്കണമെങ്കിൽ, നമ്മുടെ കഴുത്തിൽ സരപ്പളിയുണ്ടായിരിക്കണം, നമ്മുടെ ഇച്ഛ പരിശുദ്ധാത്മാവിനാൽ കീഴടക്കപ്പെടുകയും അധീനമാക്കപ്പെടുകയും വേണം.

Gal. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

Phil. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

Phil. 1:21a എനിക്കു ജീവിക്കുന്നത് ക്രിസ്തുവും...

B. മരണത്തിന്റെ തടവറയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും സ്വർഗാരോഹണ സ്ഥാനത്തേക്ക് ആനയിക്കപ്പെടുകയും ചെയ്ത ശേഷം യോസേഫ്, യിസ്രായേൽ മക്കൾ ക്രിസ്തുവിനെ തിരസ്കരിച്ചതിനാൽ ജാതീയ ലോകത്തിൽ നിന്ന് എടുത്ത സഭയെ ചിത്രീകരിക്കുന്ന ആസ്നത്തിനെ വിവാഹം കഴിച്ചു (ഉൽ. 41:45); യോസേഫ് തന്റെ ആദ്യജാതന് മനശ്ശെ ("മറക്കുമാറാക്കുന്നു" എന്നർഥം) എന്നും തന്റെ രണ്ടാമത്തവന്റെ പേര് എഫ്രയീം ("രണ്ടുതവണ ഫലം കായ്ക്കുന്നവൻ" എന്നർഥം) എന്നും വിളിച്ചു; യോസേഫ് പ്രഖ്യാപിച്ചു, "എന്റെ സകല കഷ്ടതയും എന്റെ പിതൃഭവനമൊക്കെയും ദൈവം എന്നെ മറക്കുമാറാക്കി," "സങ്കടദേശത്തു ദൈവം എന്നെ [ഇരട്ടിയായി] വർധിപ്പിച്ചു" (വാ. 51-52).

Gen. 41:45 ഫറവോൻ യോസേഫിന്നു സാപ്നത്ത് പനേഹ് എന്നു പേരിട്ടു; ഓനിലെ പുരോഹിതനായ പോത്തിഫേറയുടെ മകൾ ആസ്നത്തിനെ അവന്നു ഭാര്യയായി കൊടുത്തു. പിന്നെ യോസേഫ് മിസ്രയീംദേശത്തു സഞ്ചരിച്ചു.

**III. യോസേഫിന്റെ ജീവിതരേഖ ആത്മാവിന്റെ ഭരണത്തിന്റെ ഒരു വെളിപാടാണ്, കാരണം ആത്മാവിന്റെ ഭരണം പക്വതയുള്ള ഒരു വിശുദ്ധന്റെ വാഴുന്ന വശമാണ്; ആത്മാവിന്റെ ഭരണം (ദൈവരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ദിവ്യജീവന്റെ നിയന്ത്രണത്തിലും പരിമിതിയിലും ആയിരിക്കുന്ന ജീവനിൽ വാഴുന്ന ജീവിതം) ആത്മാവിന്റെ മറ്റേതൊരു വശത്തേക്കാളും ഉന്നതമാണ്—**

**റോമ. 5:17, 21; 14:17-18; പ്ര.നി. 2 കൊരി. 3:17-18; 2 തിമൊ. 4:22; വെളി. 4:1-3:**

Rom. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

Rom. 5:21 എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ.

Rom. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

Rom. 14:18 ഇതിൽ ക്രിസ്തുവിനെ സേവിക്കുന്നവൻ ദൈവത്തിന് സുപ്രസാദകരവും മനുഷ്യരാൽ അംഗീകൃതനും ആകുന്നു.

2 Cor. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

2 Cor. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

2 Tim. 4:22 കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടു കൂടെ ഇരിക്കട്ടെ.

Rev. 4:1 ഇക്കാര്യങ്ങൾക്കു ശേഷം, ഇതാ സ്വർഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതും, ഞാൻ കേട്ട ആദ്യത്തെ ശബ്ദം ഒരു കാഹളം സംസാരിക്കുന്നതു പോലെ എന്നോട്, ഇവിടെ കയറിവരുക, ഇവയ്ക്കുശേഷം സംഭവിപ്പാനുള്ള കാര്യങ്ങൾ ഞാൻ നിനക്കു കാണിച്ചുതരാം എന്നു പറയുന്നതും ഞാൻ കണ്ടു.

Rev. 4:2 ഉടനെ ഞാൻ ആത്മാവിലായി; ഇതാ, സ്വർഗത്തിൽ ഒരു സിംഹാസനം വച്ചിരിക്കുന്നു, സിംഹാസനത്തിന്മേൽ ഒരുവൻ ഇരിക്കുന്നു;

Rev. 4:3 ഇരിക്കുന്നവൻ കാഴ്ച്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ച്ചയ്ക്കു മരതകത്തോട് സദൃശമായ ഒരു മഴവില്ലും ഉണ്ടായിരുന്നു.

A. യോസേഫ് തന്റെ സഹോദരങ്ങളോടുള്ള മാനുഷിക അനുഭൂതികളും വികാരങ്ങളും കൊണ്ട് നിറഞ്ഞിരുന്നുവെങ്കിലും, ആത്മാവിന്റെ ഭരണത്തിൻകീഴിൽ തന്റെ എല്ലാ വികാരങ്ങളോടും കൂടി അവൻ തന്നെത്തന്നെ അടക്കിനിർത്തി; ഭൂമിയിൽ ദൈവത്തിന്റെ സാക്ഷ്യമെന്ന നിലയിൽ ഒരുമിച്ചു ജീവിക്കുന്ന ഒരു കൂട്ടായ ജനമായിരിക്കുവാനായ് അവരെ തികഞ്ഞവരാക്കേണ്ടതിനും കെട്ടുപണിചെയ്യേണ്ടതിനും അവരുടെ ആവശ്യത്തിനനുസരിച്ച് അവരെ ശിക്ഷണവിധേയരാക്കികൊണ്ട് അവൻ തന്റെ സഹോദരന്മാരോട് സുബോധത്തോടും, വിവേകത്തോടും, വിവേചനത്തോടും കൂടി ഇടപെട്ടു; യോസേഫിന്റെ സംഭവത്തിൽ വെളിപ്പെട്ട ജീവൻ പുനരുത്ഥാന ജീവൻ, ദൈവജീവനാണ്—ഉൽ. 42:9, 24; 43:30-31; 45:1-2, 24.

Gen. 42:9 യോസേഫ് അവരെക്കുറിച്ചു കണ്ടിരുന്ന സ്വപ്നങ്ങൾ ഓർത്തു അവരോടു: നിങ്ങൾ ഒറ്റുകാരാകുന്നു; ദേശത്തിന്റെ ദുർബ്ബലഭാഗം നോക്കുവാൻ നിങ്ങൾ വന്നിരിക്കുന്നു എന്നു പറഞ്ഞു.

Gen. 42:24 അവൻ അവരെ വിട്ടു മാറിപ്പോയി കരഞ്ഞു; പിന്നെ അവരുടെ അടുക്കൽ വന്നു അവരോടു സംസാരിച്ചു അവരുടെ കൂട്ടത്തിൽനിന്നു ശിമെയോനെ പിടിച്ചു അവർ കാൺകെ ബന്ധിച്ചു.

Gen. 43:30 അനുജനെ കണ്ടിട്ടു യോസേഫിന്റെ മനസ്സു ഉരുകിയതുകൊണ്ടു അവൻ കരയേണ്ടതിന്നു ബദ്ധപ്പെട്ടു സ്ഥലം അന്വേഷിച്ചു, അറയിൽചെന്നു അവിടെവെച്ചു കരഞ്ഞു.

Gen. 43:31 പിന്നെ അവൻ മുഖം കഴുകി പുറത്തു വന്നു തന്നെത്താൻ അടക്കി: ഭക്ഷണം കൊണ്ടുവരുവിൻ എന്നു കല്പിച്ചു.

Gen. 45:1 അപ്പോൾ ചുറ്റും നില്ക്കുന്നവരുടെ മുമ്പിൽ തന്നെത്താൻ അടക്കുവാൻ വഹിയാതെ: എല്ലാവരെയും എന്റെ അടുക്കൽ നിന്നു പുറത്താക്കുവിൻ എന്നു യോസേഫ് വിളിച്ചുപറഞ്ഞു. ഇങ്ങനെ യോസേഫ് തന്റെ സഹോദരന്മാർക്കു തന്നെ വെളിപ്പെടുത്തിയപ്പോൾ ആരും അടുക്കൽ ഉണ്ടായിരുന്നില്ല.

Gen. 45:2 അവൻ ഉച്ചത്തിൽ കരഞ്ഞു; മിസ്രയീമ്യരും ഫറവോന്റെ ഗൃഹവും അതു കേട്ടു.

Gen. 45:24 അങ്ങനെ അവൻ തന്റെ സഹോദരന്മാരെ യാത്ര അയച്ചു; അവർ പുറപ്പെടുമ്പോൾ: നിങ്ങൾ വഴിയിൽവെച്ചു ശണ്ഠകൂടരുതെന്നു അവരോടു പറഞ്ഞു.

B. ദൈവത്തിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള യോസേഫിന്റെ ജീവിതം, ദിവ്യജീവന്റെ പക്വതയും തികവും വെളിവാക്കുകയും ദൈവരാജ്യത്തെ കൊണ്ടുവരികയും ചെയ്ത ക്രിസ്തുവിന്റെ മനുഷ്യജീവിതത്തിന്റെ ഒരു ഛായാചിത്രമാണ്—യോഹ. 5:19, 30; 7:16, 18; 14:10; മത്താ. 8:9-10.

John. 5:19 അപ്പോൾ യേശു അവരോട് ഉത്തരം പറഞ്ഞു, സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, പിതാവ് ചെയ്യുന്നത് എന്തെന്നു കണ്ടിട്ടല്ലാതെ പുത്രനു തന്നിൽനിന്ന് ഒന്നും ചെയ്യുവാൻ കഴിയില്ല, അവൻ ചെയ്യുന്നത് എന്തു തന്നെയായാലും, പുത്രനും അവ അങ്ങനെതന്നെ ചെയ്യുന്നു.

John. 5:30b ...എന്തുകൊണ്ടെന്നാൽ ഞാൻ എന്റെ സ്വന്തം ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ അന്വേഷിക്കുന്നത്.

John. 7:16 യേശു അവരോട് ഉത്തരം പറഞ്ഞു, എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റേതത്രേ.

John. 7:18 തന്നിൽനിന്ന് സംസാരിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവനോ, അവൻ സത്യവാൻ ആകുന്നു, അവനിൽ അനീതി ഇല്ല.

John. 14:10 ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ.

Matt. 8:9 എന്തെന്നാൽ ഞാനും അധികാരത്തിനു കീഴിലുള്ള മനുഷ്യൻ ആകുന്നു. എന്റെ കീഴിൽ പടയാളികൾ ഉണ്ട്, ഞാൻ ഇവനോട്, പോകുക എന്നു പറയുന്നു അവൻ പോകുന്നു; വേറൊരുവനോട്, വരുക, അവൻ വരുന്നു; എന്റെ അടിമയോട്, ഇതു ചെയ്യുക, അവൻ ചെയ്യുന്നു.

Matt. 8:10 ഇതു കേട്ടപ്പോൾ യേശു ആശ്ചര്യപ്പെട്ട്, പിന്നാലെ വരുന്നവരോടു പറഞ്ഞു, യിസ്രായേലിൽ ആരിലും ഇത്ര വലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

C. യോസേഫ് തന്റെ സഹോദരന്മാരുമായുള്ള ഇടപെടലുകളിൽ, അവരോടുള്ള സ്നേഹത്തിൽ ശാന്തവും സുബോധമുള്ളതും വിവേചനമുള്ളതുമായ ഒരു ജീവിതം—രാജ്യജീവിതത്തിന്റെ അഭ്യസനമെന്ന നിലയിൽ സ്വയത്തെ ത്യജിച്ചുകൊണ്ടുള്ള ജീവിതം—നയിച്ചതായി നാം കാണുന്നു-—ഉൽ. 45:24; മത്താ. 16:24; 2 ദിന. 1:10; യെശ. 30:15a; ഫിലി. 1:9; 1 തിമൊ. 5:1-2; 1 തെസ്സ. 3:12; 4:9; 2 തെസ്സ. 1:3; റോമ. 12:10; 1 യോഹ. 4:9; എബ്രാ. 13:1.

Gen. 45:24 അങ്ങനെ അവൻ തന്റെ സഹോദരന്മാരെ യാത്ര അയച്ചു; അവർ പുറപ്പെടുമ്പോൾ: നിങ്ങൾ വഴിയിൽവെച്ചു ശണ്ഠകൂടരുതെന്നു അവരോടു പറഞ്ഞു.

Matt. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

2 Chron. 1:10 ആകയാൽ ഈ ജനത്തിന്നു നായകനായിരിക്കേണ്ടതിന്നു എനിക്കു ജ്ഞാനവും വിവേകവും തരേണമേ; അല്ലാതെ നിന്റെ ഈ വലിയ ജനത്തിന്നു ന്യായപാലനം ചെയ്‌വാൻ ആർക്കു കഴിയും?

Isa. 30:15 യിസ്രായേലിന്റെ പരിശുദ്ധനായി യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: മനന്തിരിഞ്ഞു അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും. വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം; എങ്കിലും നിങ്ങൾക്കു മനസ്സാകാതെ:

Phil. 1:9 നിങ്ങളുടെ സ്നേഹം പൂർണ പരിജ്ഞാനത്തിലും സകല വിവേചനത്തിലും ഇനിയും മേൽക്കുമേൽ വർധിച്ചും,

1 Tim. 5:1 പ്രായമേറിയവനെ ഭർത്സിക്കരുത്, അവനെ അപ്പനെപ്പോലെയും, ഇളയവരെ സഹോദരന്മാരെപ്പോലെയും,

1 Tim. 5:2 പ്രായമേറിയ സ്ത്രീകളെ അമ്മമാരെപ്പോലെയും, ഇളയ സ്ത്രീകളെ സകല നിർമലതയിൽ സഹോദരിമാരെപ്പോലെയും പ്രബോധിപ്പിക്കുക.

1 Thes. 3:12 ഞങ്ങൾക്കു നിങ്ങളോട് എന്നപോലെ, നിങ്ങൾ അന്യോന്യവും എല്ലാവരോടും സ്നേഹത്തിൽ വർധിക്കുകയും സമൃദ്ധമാകുകയും ചെയ്യുവാൻ കർത്താവ് നിങ്ങളെ ഇടയാക്കട്ടെ,

1 Thes. 4:9 സഹോദരസ്നേഹത്തെ സംബന്ധിച്ച്, നിങ്ങൾക്കു ഞാൻ എഴുതുവാൻ ആവശ്യമില്ല, അന്യോന്യം സ്നേഹിക്കുവാൻ നിങ്ങൾതന്നെ ദൈവത്തിൽനിന്ന് പഠിച്ചുവല്ലോ;

2 Thes. 1:3 സഹോദരന്മാരേ, നിങ്ങളുടെ വിശ്വാസം അത്യധികം വളരുകയും നിങ്ങൾ ഓരോരുത്തന് അന്യോന്യമുള്ള സ്നേഹം വർധിക്കുകയും ചെയ്യുന്നതിനാൽ,

ഉചിതമാംവണ്ണം, നിങ്ങളെക്കുറിച്ച് എപ്പോഴും ദൈവത്തിനു സ്തോത്രം ചെയ്യുവാൻ ഞങ്ങൾ കടപ്പെട്ടിരിക്കുന്നു,

Rom. 12:10 സഹോദരസ്നേഹത്തിൽ അന്യോന്യം ഊഷ്മളതയോടെ സ്നേഹിക്കുവിൻ; അന്യോന്യം ബഹുമാനിക്കുന്നതിൽ മുൻകൈ എടുക്കുവിൻ.

1 John. 4:9 നമുക്ക് ജീവൻ ഉണ്ടായിട്ട് അവനിലൂടെ ജീവിക്കേണ്ടതിന് തന്റെ ഏകജാതനായ പുത്രനെ ദൈവം ലോകത്തിലേക്ക് അയച്ചു എന്നതിൽ, ദൈവസ്നേഹം നമ്മുടെ ഇടയിൽ വെളിവായി.

Heb. 13:1 സഹോദരസ്നേഹം തുടരട്ടെ.

D. തനിക്ക് ചെയ്യാൻ കഴിയുന്നത് ചെയ്യാതിരിക്കാൻ ശക്തിയുള്ളവനാണ് ഏറ്റവും ശക്തനായ വ്യക്തി—ഇതാണ് യഥാർഥത്തിലുള്ള സ്വയ ത്യാഗവും വാസ്തവമായ ക്രൂശുവഹനവും—മത്താ. 16:24;പ്ര.നി. 26:53; 2 കൊരി. 2:12-16.

Matt. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

Matt. 26:53 അല്ലെങ്കിൽ എനിക്ക് എന്റെ പിതാവിനോട് അപേക്ഷിക്കുവാൻ കഴിയില്ല എന്നും, അവൻ ഇപ്പോൾ തന്നെ എനിക്കു പന്ത്രണ്ടു ലെഗിയോനിലധികം ദൂതന്മാരെ സജ്ജീകരിക്കുകയില്ല എന്നും നിനക്കു തോന്നുന്നുണ്ടോ?

2 Cor. 2:12 അതുകൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തിനായി ഞാൻ ത്രോവാസിൽ വരുകയും, കർത്താവിൽ എനിക്ക് ഒരു വാതിൽ തുറക്കപ്പെടുകയും ചെയ്തപ്പോൾ,

2 Cor. 2:13 എന്റെ സഹോദരനായ തീത്തൊസിനെ കണ്ടെത്താത്തതിനാൽ, എന്റെ ആത്മാവിൽ എനിക്ക് സ്വസ്ഥത ഉണ്ടായിരുന്നില്ല; അവരിൽനിന്ന് വിടവാങ്ങിയ ശേഷം ഞാൻ മക്കെദോന്യയിലേക്ക് പുറപ്പെട്ടുപോയി.

2 Cor. 2:14 എന്നാൽ ഞങ്ങളെ ക്രിസ്തുവിൽ എല്ലായ്പ്പോഴും ജയോത്സവത്തിൽ നടത്തുകയും ഞങ്ങളിലൂടെ എല്ലായിടത്തും അവന്റെ പരിജ്ഞാനത്തിന്റെ വാസന വെളിവാക്കുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം.

2 Cor. 2:15 ഞങ്ങൾ രക്ഷിക്കപ്പെടുന്നവരിലും നശിക്കുന്നവരിലും ദൈവത്തിന് ക്രിസ്തുവിന്റെ സൗരഭ്യം ആകുന്നു.

2 Cor. 2:16 ചിലർക്ക് മരണത്തിൽനിന്ന് മരണത്തിങ്കലേക്കുള്ള വാസനയും, മറ്റുള്ളവർക്ക് ജീവനിൽനിന്ന് ജീവങ്കലേക്കുള്ള വാസനയും. ഇവയ്ക്ക് പര്യാപ്തൻ ആർ?

E. തന്നെ മിസ്രയീമിലേക്ക് അയച്ചത് ദൈവമാണെന്ന് യോസേഫ് തിരിച്ചറിഞ്ഞു; ഉല്പത്തി 50:20-ൽ അവൻ തന്റെ സഹോദരന്മാരോട് പറഞ്ഞു, “നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു ദൈവമോ അതിനെ ഗുണമാക്കിത്തീർത്തു” (45:5, 7; 50:19-21; പ്ര.നി. 41:51-52); ഇത് റോമർ 8:28-29-ലെ പൗലൊസിന്റെ വചനത്തിന്റെ യാഥാർഥ്യമാണ്; തന്റെ സഹോദരന്മാർ തന്നോട് ചെയ്തതെല്ലാം യോസേഫ് ദൈവത്തിൽ നിന്ന് എന്നപോലെ സ്വീകരിക്കുകയും, തന്നെ ദ്രോഹിച്ചവരെ അവൻ ആശ്വസിപ്പിക്കുകയും ചെയ്തു (ഉൽ. 45:5-8; 50:15-21); എന്തൊരു കൃപ, എത്ര ശ്രേഷ്ഠമായ ആത്മാവാണ് അവനുണ്ടായിരുന്നത്!

Gen. 41:51 എന്റെ സകലകഷ്ടതയും എന്റെ പിതൃഭവനം ഒക്കെയും ദൈവം എന്നെ മറക്കുമാറാക്കി എന്നു പറഞ്ഞു യോസേഫ് തന്റെ ആദ്യജാതന്നു മനശ്ശെ എന്നു പേരിട്ടു.

Gen. 41:52 സങ്കടദേശത്തു ദൈവം എന്നെ വർദ്ധിപ്പിച്ചു എന്നു പറഞ്ഞു, അവൻ രണ്ടാമത്തവന്നു എഫ്രയീം എന്നു പേരിട്ടു.

Rom. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

Rom. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

Gen. 45:5 എന്നെ ഇവിടെ വിറ്റതുകൊണ്ടു നിങ്ങൾ വ്യസനിക്കേണ്ടാ, വിഷാദിക്കയും വേണ്ടാ; ജീവരക്ഷക്കായി ദൈവം എന്നെ നിങ്ങൾക്കു മുമ്പെ അയച്ചതാകുന്നു.

Gen. 45:6 ദേശത്തു ക്ഷാമം ഉണ്ടായിട്ടു ഇപ്പോൾ രണ്ടു സംവത്സരമായി; ഉഴവും കൊയ്ത്തും ഇല്ലാത്ത അഞ്ചു സംവത്സരം ഇനിയും ഉണ്ടു.

Gen. 45:7 ഭൂമിയിൽ നിങ്ങൾക്കു സന്തതി ശേഷിക്കേണ്ടതിന്നും വലിയോരു രക്ഷയാൽ നിങ്ങളുടെ ജീവനെ രക്ഷിക്കേണ്ടതിന്നും ദൈവം എന്നെ നിങ്ങൾക്കു മുമ്പെ അയച്ചിരിക്കുന്നു.

Gen. 45:8 ആകയാൽ നിങ്ങൾ അല്ല, ദൈവം അത്രേ എന്നെ ഇവിടെ അയച്ചതു; അവൻ എന്നെ ഫറവോന്നു പിതാവും അവന്റെ ഗൃഹത്തിന്നു ഒക്കെയും യജമാനനും മിസ്രയീംദേശത്തിന്നൊക്കെയും അധിപതിയും ആക്കിയിരിക്കുന്നു.

Gen. 50:15 അപ്പൻ മരിച്ചുപോയി എന്നു യോസേഫിന്റെ സഹോദരന്മാർ കണ്ടിട്ടു: പക്ഷേ യോസേഫ് നമ്മെ ദ്വേഷിച്ചു, നാം അവനോടു ചെയ്ത സകലദോഷത്തിന്നും നമ്മോടു പ്രതികാരം ചെയ്യുമെന്നു പറഞ്ഞു.

Gen. 50:16 അവർ യോസേഫിന്റെ അടുക്കൽ ആളയച്ചു: അപ്പൻ മരിക്കുംമുമ്പെ: നിന്റെ സഹോദരന്മാർ നിന്നോടു ദോഷം ചെയ്തു; അവർ ചെയ്ത അതിക്രമവും പാപവും നീ ക്ഷമിക്കേണം എന്നു യോസേഫിനോടു പറവിൻ എന്നു കല്പിച്ചിരിക്കുന്നു.

Gen. 50:17 ആകയാൽ അപ്പന്റെ ദൈവത്തിന്റെ ദാസന്മാരുടെ ദ്രോഹം ക്ഷമിക്കേണമേ എന്നു പറയിച്ചു. അവർ യോസേഫിനോടു സംസാരിക്കുമ്പോൾ അവൻ കരഞ്ഞു.

Gen. 50:18 അവന്റെ സഹോദരന്മാർ ചെന്നു അവന്റെ മുമ്പാകെ വീണു: ഇതാ, ഞങ്ങൾ നിനക്കു അടിമകൾ എന്നു പറഞ്ഞു.

Gen. 50:19 യോസേഫ് അവരോടു: നിങ്ങൾ ഭയപ്പെടേണ്ടാ; ഞാൻ ദൈവത്തിന്റെ സ്ഥാനത്തു ഇരിക്കുന്നുവോ?

Gen. 50:20 നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ, ഇന്നുള്ളതുപോലെ ബഹുജനത്തിന്നു ജീവരക്ഷ വരുത്തേണ്ടതിന്നു അതിനെ ഗുണമാക്കിത്തീർത്തു.

Gen. 50:21 ആകയാൽ നിങ്ങൾ ഭയപ്പെടേണ്ടാ; ഞാൻ നിങ്ങളെയും നിങ്ങളുടെ കുഞ്ഞുകുട്ടികളെയും പോറ്റി രക്ഷിക്കും എന്നു പറഞ്ഞു അവരെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തി.

**IV. യോസേഫ് കഷ്ടം സഹിക്കുകയും സ്വയത്തെ ത്യജിക്കുകയും ചെയ്തതിനാൽ, അവൻ ജീവ സഹായത്തിന്റെ സമ്പത്ത് നേടി (ഗീതം, #635); ക്രിസ്തുവിന്റെ ഒരു മുൻകുറി എന്ന നിലയിൽ അവനിൽ നിന്ന് ഭക്ഷണം ലഭിക്കുന്നതിന്, ആളുകൾക്ക് നാല് തരം വില നൽകേണ്ടി വന്നു: അവരുടെ പണം, അവരുടെ കന്നുകാലികൾ, അവരുടെ ഭൂമി, അവരെത്തന്നെ—47:14-23; പ്ര.നി. വെളി. 3:18:**

*Hymns* #635

1 Let us contemplate the grape vine,
From its life now let us learn,
How its growth is fraught with suff'ring,
Midst environment so stern;
How unlike the untamed flowers
Growing in the wilderness
In a maze of wild confusion,
Making patterns numberless.

2 But the blossoms of the grape vine
Without glory are and small;
Though they do have some expression,
They are hardly seen withal.
But a day since they have flowered
Into fruit the blooms have grown;
Never may they wave corollas
With luxuriant beauty shown.

3 To a post the vine is fastened;
Thus it cannot freely grow;
When its branches are extended,
To the trellis tied they go.
To the stony soil committed,
Drawing thence its food supply;
It can never choose its own way,
Or from difficulty fly.

4 Oh, how beautiful its verdure,
Which in spring spreads o'er the field.
From life's energy and fullness
Growth abundant doth it yield.
Till it's full of tender branches
Twining freely everywhere,
Stretching 'gainst the sky's deep azure
Tasting sweetly of the air.

5 But the master of the vineyard
Not in lenience doth abide,
But with knife and pruning scissors
Then would strip it of its pride.
Caring not the vine is tender,
But with deep, precision stroke
All the pretty, excess branches
From the vine are neatly broke.

6 In this time of loss and ruin,
Dare the vine self-pity show?
Nay, it gives itself more fully
To the one who wounds it so,
To the hand that strips its branches,
Till of beauty destitute,
That its life may not be wasted,
But preserved for bearing fruit.

7 Into hard wood slowly hardens
Every stump of bleeding shoot,
Each remaining branch becoming
Clusters of abundant fruit.
Then, beneath the scorching sunshine,
Leaves are dried and from it drop;
Thus the fruit more richly ripens
Till the harvest of the crop.

8 Bowed beneath its fruitful burden,
Loaded branches are brought low—
Labor of its growth thru suff'ring
Many a purposed, cutting blow.
Now its fruit is fully ripened,
Comforted the vine would be;
But the harvest soon is coming,
And its days of comfort flee.

9 Hands will pick and feet will trample
All the riches of the vine,
Till from out the reddened wine-press
Flows a river full of wine.
All the day its flow continues,
Bloody-red, without alloy,
Gushing freely, richly, sweetly,
Filling all the earth with joy.

10 In appearance now the grape vine
Barren is and pitiful;
Having given all, it enters
Into night inscrutable.
No one offers to repay it
For the cheering wine that's drunk,
But 'tis stripped and cut e'en further
To a bare and branchless trunk.

11 Yet its wine throughout the winter
Warmth and sweetness ever bears
Unto those in coldness shiv'ring,
Pressed with sorrow, pain, and cares.
Yet without, alone, the grape vine
Midst the ice and snow doth stand,
Steadfastly its lot enduring,
Though 'tis hard to understand.

12 Winter o'er, the vine prepareth
Fruit again itself to bear;
Budding forth and growing branches,
Beauteous green again to wear;
Never murmuring or complaining
For the winter's sore abuse,
Or for all its loss desiring
Its fresh off'ring to reduce.

13 Breathing air, untainted, heavenly,
As it lifts its arms on high,
Earth's impure, defiled affections
Ne'er the vine may occupy.
Facing sacrifice, yet smiling,
And while love doth prune once more,
Strokes it bears as if it never
Suffered loss and pain before.

14 From the branches of the grape vine
Sap and blood and wine doth flow.
Does the vine, for all it suffered,
Lost, and yielded, poorer grow?
Drunkards of the earth and wanderers,
From it drink and merry make.
From their pleasure and enjoyment
Do they richer thereby wake?

15 Not by gain our life is measured,
But by what we've lost 'tis scored;
'Tis not how much wine is drunken,
But how much has been outpoured.
For the strength of love e'er standeth
In the sacrifice we bear;
He who has the greatest suff'ring
Ever has the most to share.

16 He who treats himself severely
Is the best for God to gain;
He who hurts himself most dearly
Most can comfort those in pain.
He who suffering never beareth
Is but empty "sounding brass";
He who self-life never spareth
Has the joys which all surpass.

Gen. 47:14 ജനങ്ങൾ വാങ്ങിയ ധാന്യത്തിന്നു വിലയായി യോസേഫ് മിസ്രയീംദേശത്തും കനാൻദേശത്തുമുള്ള പണം ഒക്കെയും ശേഖരിച്ചു; പണം യോസേഫ് ഫറവോന്റെ ഗൃഹത്തിൽ കൊണ്ടുവന്നു.

Gen. 47:15 മിസ്രയീംദേശത്തും കനാൻദേശത്തും പണം ഇല്ലാതെയായപ്പോൾ മിസ്രയീമ്യർ ഒക്കെയും യോസേഫിന്റെ അടുക്കൽ ചെന്നു: ഞങ്ങൾക്കു ആഹാരം തരേണം; ഞങ്ങൾ നിന്റെ മുമ്പിൽ കിടന്നു മരിക്കുന്നതു എന്തിന്നു? പണം തീർന്നുപോയി എന്നു പറഞ്ഞു.

Gen. 47:16 അതിന്നു യോസേഫ്: നിങ്ങളുടെ ആടുമാടുകളെ തരുവിൻ; പണം തീർന്നുപോയെങ്കിൽ നിങ്ങളുടെ ആടുമാടുകളെ വിലയായി വാങ്ങി ഞാൻ തരാം എന്നു പറഞ്ഞു.

Gen. 47:17 അങ്ങനെ അവർ തങ്ങളുടെ കന്നുകാലികളെ യോസേഫിന്റെ അടുക്കൽ കൊണ്ടുവന്നു; കുതിര, ആടു, കന്നുകാലി, കഴുത എന്നിവയെ യോസേഫ് വിലയായി വാങ്ങി അവർക്കു ആഹാരം കൊടുത്തു; ആയാണ്ടിൽ അവരുടെ കന്നുകാലികളെ എല്ലാം വാങ്ങി ആഹാരം കൊടുത്തു അവരെ രക്ഷിച്ചു.

Gen. 47:18 ആ ആണ്ടു കഴിഞ്ഞു പിറ്റെ ആണ്ടിൽ അവർ അവന്റെ അടുക്കൽ ചെന്നു അവനോടു പറഞ്ഞതു: ഞങ്ങളുടെ പണം ചെലവായി, മൃഗക്കൂട്ടങ്ങളും യജമാനനു ചേർന്നു; ഞങ്ങളുടെ ശരീരങ്ങളും നിലങ്ങളുമല്ലാതെ യജമാനന്റെ മുമ്പാകെ ഒന്നും ശേഷിപ്പില്ല എന്നുള്ളതു യജമാനനെ ഞങ്ങൾ മറെക്കുന്നില്ല.

Gen. 47:19 ഞങ്ങളും ഞങ്ങളുടെ നിലവും നിന്റെ കണ്ണിന്നു മുമ്പിൽ എന്തിന്നു നശിക്കുന്നു? നീ ഞങ്ങളെയും നിലത്തെയും ആഹാരത്തിന്നു വിലയായി വാങ്ങേണം. ഞങ്ങൾ നിലവുമായി ഫറവോന്നു അടിമകൾ ആകട്ടെ. ഞങ്ങൾ മരിക്കാതെ ജീവനോടിരിക്കേണ്ടതിന്നും നിലം ശൂന്യമായി പോകാതിരിക്കേണ്ടതിന്നും ഞങ്ങൾക്കു വിത്തു തരേണം.

Gen. 47:20 അങ്ങനെ യോസേഫ് മിസ്രയീമിലെ നിലം ഒക്കെയും ഫറവോന്നു വിലെക്കു വാങ്ങി; ക്ഷാമം പ്രബലപ്പെടുകകൊണ്ടു മിസ്രയീമ്യർ തങ്ങളുടെ നിലം വിറ്റു; നിലമെല്ലാം ഫറവോന്നു ആയി.

Gen. 47:21 ജനങ്ങളേയോ അവൻ മിസ്രയീംദേശത്തിന്റെ അറ്റംമുതൽ അറ്റംവരെ പട്ടണങ്ങളിലേക്കു കുടിനീക്കി പാർപ്പിച്ചു.

Gen. 47:22 പുരോഹിതന്മാരുടെ നിലം മാത്രം അവൻ വാങ്ങിയില്ല; പുരോഹിതന്മാർക്കു ഫറവോൻ അവകാശം കല്പിച്ചിരുന്നു; ഫറവോൻ അവർക്കു കൊടുത്ത അവകാശംകൊണ്ടു അവർ ഉപജീവനം കഴിച്ചതിനാൽ അവർ തങ്ങളുടെ നിലം വിറ്റില്ല.

Gen. 47:23 യോസേഫ് ജനങ്ങളോടു: ഞാൻ ഇന്നു നിങ്ങളെയും നിങ്ങളുടെ നിലത്തെയും ഫറവോന്നു വിലെക്കു വാങ്ങിയിരിക്കുന്നു; നിങ്ങൾക്കു വിത്തു ഇതാ; നിലം വിതെച്ചുകൊൾവിൻ.

Rev. 3:18 നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു.

A. പണം സുഖസൗകര്യത്തെ പ്രതിനിധീകരിക്കുന്നു, കന്നുകാലികൾ ഉപജീവനത്തെ സൂചിപ്പിക്കുന്നു, ഭൂമി ഉപാധികളെ പ്രതിനിധീകരിക്കുന്നു; പകരുന്നവൻ എന്ന നിലയിൽ കർത്താവിൽ നിന്ന് നമുക്ക് ജീവസഹായം ലഭിക്കണമെങ്കിൽ, നമ്മുടെ സുഖസൗകര്യവും ഉപജീവനമാർഗവും ഉപാധികളും അവനു നൽകണം; നാം അവനു എത്രയധികം കൊടുക്കുമോ അത്രയുമധികം ജീവസഹായം അവനിൽ നിന്ന് നമുക്ക് ലഭിക്കും.

B. ആത്യന്തികമായി, സംതൃപ്തിയ്ക്കുള്ള ഭക്ഷണവും മറ്റുള്ളവർക്കായി എന്തെങ്കിലും ഉൽപ്പാദിപ്പിക്കുന്നതിനുള്ള വിത്തും ഉൾപ്പെടെ ശ്രേഷ്ഠമായ ഭാഗം കർത്താവിൽ നിന്ന് സ്വീകരിക്കുന്നതിന് (ഉൽ. 47:23), നാം നമ്മെത്തന്നെ, നമ്മുടെ ആളത്തത്തിന്റെ എല്ലാ ഭാഗവും അവനു കൈമാറണം (ലേവ്യ. 1:4).

Gen. 47:23 യോസേഫ് ജനങ്ങളോടു: ഞാൻ ഇന്നു നിങ്ങളെയും നിങ്ങളുടെ നിലത്തെയും ഫറവോന്നു വിലെക്കു വാങ്ങിയിരിക്കുന്നു; നിങ്ങൾക്കു വിത്തു ഇതാ; നിലം വിതെച്ചുകൊൾവിൻ.

Lev. 1:4 അവൻ ഹോമയാഗത്തിന്റെ തലയിൽ കൈവെക്കേണം; എന്നാൽ അതു അവന്നുവേണ്ടി പ്രായശ്ചിത്തം വരുത്തുവാൻ അവന്റെ പേർക്കു സുഗ്രാഹ്യമാകും.

C. നമ്മുടെ ~~അസ്തിത്വത്തിന്റെ~~ ആളത്തത്തിന്റെ എല്ലാ ഭാഗങ്ങളും അവനു കൈമാറിക്കൊണ്ട് ഏറ്റവും ഉയർന്ന വില നാം നൽകുമ്പോൾ, ക്രിസ്തുവിന്റെ ആസ്വാദനത്തിന്റെ ശ്രേഷ്ഠമായ ഭാഗം നാം ആസ്വദിക്കുന്നു.

**V. യോസേഫിന് മേലുള്ള സാർവത്രിക അനുഗ്രഹം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കുന്നു, അതിൽ ക്രിസ്തുവിനും അവന്റെ വിശ്വാസികൾക്കും അനുഗ്രഹമായി എല്ലാം പുതിയതായിരിക്കും—ഉൽ. 49:25-26; ആവ. 33:13-16; വെളി. 21:5:**

Gen. 49:25 നിൻ പിതാവിന്റെ ദൈവത്താൽ - അവൻ നിന്നെ സഹായിക്കും സർവ്വശക്തനാൽ തന്നേ - അവൻ മീതെ ആകാശത്തിന്റെ അനുഗ്രഹങ്ങളാലും താഴെ കിടക്കുന്ന ആഴത്തിന്റെ അനുഗ്രങ്ങളാലും മുലയുടെയും ഗർഭത്തിന്റെയും അനുഗ്രഹങ്ങളാലും നിന്നെ അനുഗ്രഹിക്കും.

Gen. 49:26 നിൻ പിതാവിന്റെ അനുഗ്രഹങ്ങൾ എൻ ജനകന്മാരുടെ അനുഗ്രഹങ്ങൾക്കു മീതെ ശാശ്വതഗിരികളുടെ അറ്റത്തോളം പ്രബലപ്പെട്ടു. അവ യോസേഫിന്റെ തലയിലും തന്റെ സഹോദരന്മാരിൽ പ്രഭുവായവന്റെ നെറുകയിലും വരും.

Deut. 33:13 യോസേഫിനെക്കുറിച്ചു അവൻ പറഞ്ഞതു: ആകാശത്തിലെ വിശിഷ്ടവസ്തുവായ മഞ്ഞുകൊണ്ടും താഴെ കിടക്കുന്ന അഗാധജലംകൊണ്ടും

Deut. 33:14 സൂര്യനാൽ ഉളവാകുന്ന വിശേഷഫലംകൊണ്ടും പ്രതിമാസികചന്ദ്രനാൽ ഉളവാകും വിശിഷ്ടഫലംകൊണ്ടും

Deut. 33:15 പുരാതനപർവ്വതങ്ങളുടെ ശ്രേഷ്ഠസാധനങ്ങൾകൊണ്ടും ശാശ്വതശൈലങ്ങളുടെ വിശിഷ്ടവസ്തുക്കൾകൊണ്ടും ഭൂമിയിലെ വിശേഷവസ്തുക്കളും സമൃദ്ധിയുംകൊണ്ടും അവന്റെ ദേശം യഹോവയാൽ അനുഗ്രഹിക്കപ്പെടുമാറാകട്ടെ.

Deut. 33:16 മുൾപ്പടർപ്പിൽ വസിച്ചവന്റെ പ്രസാദം യോസേഫിന്റെ ശിരസ്സിന്മേലും തന്റെ സഹോദരന്മാരിൽ പ്രഭുവായവന്റെ നെറുകമേലും വരുമാറാകട്ടെ.

Rev. 21:5 സിംഹാസനത്തിൽ ഇരിക്കുന്നവൻ, ഇതാ, ഞാൻ സകലവും പുതുതാക്കുന്നു എന്ന് അരുളിച്ചെയ്തു. എഴുതുക, ഈ വചനങ്ങൾ വിശ്വാസ്യവും സത്യവും ആകുന്നു എന്ന് അവൻ പറഞ്ഞു.

A. രൂപാന്തരം എന്നത് ദിവ്യജീവന്റെ പുതുമയാൽ ചയാപചയപരമായി മാറ്റമുണ്ടാകുന്നതാണ്, പക്വത എന്നത് നമ്മെ മാറ്റുന്ന ദിവ്യജീവന്റെ പുതുമയാൽ നിറയുന്നതാണ്, അനുഗ്രഹം ജീവന്റെ കവിഞ്ഞൊഴുക്കാണ്; യോസേഫിനോടുകൂടെയുള്ള യാക്കോബിന്റെ ജീവിതാവസാനം അവന്റെ പ്രകാശിക്കലിന്റെ മൂർധന്യസ്ഥിതിയെന്ന നിലയിൽ അനുഗ്രഹത്തിന്റെ ഒരു ജീവിതമായിരുന്നു—സദൃ. 4:18; എബ്രാ. 11:21; ഉൽ. 47:7; 48:15-16.

Prov. 4:18 നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചംപോലെ; അതു നട്ടുച്ചവരെ അധികമധികം ശോഭിച്ചു വരുന്നു.

Heb. 11:21 വിശ്വാസത്താൽ യാക്കോബ്, അവൻ മരിച്ചുകൊണ്ടിരിക്കുമ്പോൾ, യോസേഫിന്റെ പുത്രന്മാരിൽ ഓരോരുത്തനെയും അനുഗ്രഹിക്കുകയും തന്റെ വടിയിന്മേൽ ചാരിക്കൊണ്ട് ദൈവത്തെ ആരാധിക്കുകയും ചെയ്തു.

Gen. 47:7 യോസേഫ് തന്റെ അപ്പനായ യാക്കോബിനെയും അകത്തു കൊണ്ടുചെന്നു, അവനെ ഫറവോന്റെ സന്നിധിയിൽ നിർത്തി,

Gen. 48:15 പിന്നെ അവൻ യോസേഫിനെ അനുഗ്രഹിച്ചു: എന്റെ പിതാക്കന്മാരായ അബ്രാഹാമും യിസ്ഹാക്കും ഭജിച്ചുപോന്ന ദൈവം, ഞാൻ ജനിച്ച നാൾമുതൽ ഇന്നുവരെയും എന്നെ പുലർത്തിയിരിക്കുന്ന ദൈവം,

Gen. 48:16 എന്നെ സകലദോഷങ്ങളിൽനിന്നും വിടുവിച്ച ദൂതൻ ഈ കുട്ടികളെ അനുഗ്രഹിക്കുമാറാകട്ടെ; എന്റെ പേരും എന്റെ പിതാക്കന്മാരായ അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും പേരും ഇവരിൽ നിലനില്ക്കുമാറാകട്ടെ; അവർ ഭൂമിയിൽ കൂട്ടമായി വർദ്ധിക്കട്ടെ എന്നു പറഞ്ഞു.

B. ദൈവം മാത്രമാണ് പുതിയത്; ദൈവത്തിൽ നിന്ന് അകറ്റി വയ്ക്കപ്പെടുന്നതെല്ലാം പഴയതാണ്, എന്നാൽ ദൈവത്തിലേക്ക് തിരികെ വരുന്നതെല്ലാം പുതിയതാണ് (2 കൊരി. 5:17); പുതുക്കപ്പെടുക എന്നതിനർഥം ദൈവത്തിലേക്ക് മടങ്ങിവരുന്നതും ദൈവത്തിന്റേതായ ചിലത് നമ്മിലേക്ക് വയ്ക്കപ്പെടുന്നതുമാണ്, അങ്ങനെ നാം ദൈവവുമായി ഇഴുകുച്ചേർന്ന് ശരീര ജീവിതത്തിനായി ദൈവവുമായി ഒന്നാകുന്നു (4:16; റോമ. 12:1-2).

2 Cor. 5:17 അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു.

2 Cor. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

Rom. 12:1 അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ.

Rom. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ

തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

C. ദൈവത്തെ നമ്മുടെ പുതുമയുടെ അനുഗ്രഹമായി സ്വീകരിക്കുന്നതിന്റെ രഹസ്യം, എല്ലാം ദൈവത്തിലേക്ക് കൊണ്ടുവരികയും എല്ലാറ്റിലും അവനെ പ്രവേശിക്കാൻ അനുവദിക്കുകയും ചെയ്യുക എന്നതാണ്; യോസേഫിന് ലഭിച്ച സാർവത്രിക അനുഗ്രഹം അർഥമാക്കുന്നത് അനുഗ്രഹം എല്ലായിടത്തും ഉണ്ടെന്നാണ്; നമ്മുടെ സ്തുതികൾ വീഴ്ചയിലുള്ള ശാപത്തിന്റേതായ എല്ലാത്തിനെയും അനുഗ്രഹമാക്കി മാറ്റുന്നു—എഫെ.5:20; 1 തെസ്സ. 5:16-18.

Eph. 5:20 എല്ലാറ്റിനും വേണ്ടി എപ്പോഴും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ നമ്മുടെ ദൈവവും പിതാവുമായവന് സ്തോത്രം ചെയ്തും,

1 Thes. 5:16 എപ്പോഴും സന്തോഷിക്കുവിൻ,

1 Thes. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

1 Thes. 5:18 എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; എന്തെന്നാൽ ഇതാകുന്നു നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിലുള്ള ദൈവഹിതം.